**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1828** **04-02-2026 - ൽ മറുപടിയ്ക്ക്**

**പാറശ്ശാല മണ്ഡലത്തിൽ സാമൂഹ്യനീതി വകുപ്പ് നടപ്പാക്കിയ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി കെ ഹരീന്ദ്രൻ | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | 2016-17 സാമ്പത്തിക വർഷം മുതൽ നാളിതുവരെ സാമൂഹ്യനീതി വകുപ്പ് മുഖേന പാറശ്ശാല മണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികളുടെയും പ്രവൃത്തികളുടെയും വിശദാംശം ലഭ്യമാക്കാമോ; | (എ) | സാമൂഹ്യനീതി വകുപ്പിന് കീഴിലുള്ള സാമൂഹ്യനീതി ഡയറക്ടറേറ്റ് ജില്ലാ തലത്തിലാണ് പദ്ധതികൾ നടപ്പിലാക്കുന്നത്. കേരള സംസ്ഥാന ഭിന്നശേഷിക്ഷേമ കോർപ്പറേഷൻ, കേരള സാമൂഹ്യസുരക്ഷാമിഷൻ എന്നീ സ്ഥാപനങ്ങൾ സംസ്ഥാതലത്തിലും പദ്ധതികൾ നടപ്പിലാക്കി വരുന്നു. 2016-17 സാമ്പത്തിക വർഷം മുതൽ നാളിതുവരെ സാമൂഹ്യനീതി വകുപ്പിന് കീഴിലുള്ള സാമൂഹ്യനീതി ഡയറക്ടറേറ്റ്, കേരള സംസ്ഥാന ഭിന്നശേഷിക്ഷേമ കോർപ്പറേഷൻ, കേരള സാമൂഹ്യസുരക്ഷാമിഷൻ എന്നീ സ്ഥാപനങ്ങൾ മുഖേന നടപ്പാക്കിയ വിവിധ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.<br><br>പാറശ്ശാല മണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികളുടെ വിവരം ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല. |
| (ബി) | പ്രസ്തുത കാലയളവിൽ പാറശ്ശാല മണ്ഡലത്തിൽ സാമൂഹ്യനീതി വകുപ്പ് മുഖേന നടപ്പാക്കുന്നതിന് അനുമതി ലഭിച്ച ശേഷം നാളിതുവരെയായി നടപ്പാക്കാൻ കഴിയാതെ പോയതോ ആരംഭിച്ച ശേഷം പൂർത്തീകരിച്ചിട്ടില്ലാത്തതോ ആയ പദ്ധതികളും പ്രവൃത്തികളും ഏതെല്ലാമാണ്, ഇവയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; | (ബി) | പ്രസ്തുത കാലയളവിൽ പാറശ്ശാല മണ്ഡലത്തിൽ സാമൂഹ്യനീതി വകുപ്പ് മുഖേന നടപ്പാക്കുന്നതിന് അനുമതി ലഭിച്ച ശേഷം നാളിതുവരെയായി നടപ്പാക്കാൻ കഴിയാതെ പോയതോ ആരംഭിച്ച ശേഷം പൂർത്തീകരിച്ചിട്ടില്ലാത്തതോ ആയ പദ്ധതികളോ പ്രവൃത്തികളോ ഒന്നും തന്നെയില്ല. |
| (സി) | പ്രസ്തുത പദ്ധതികൾ ഓരോന്നിനും നീക്കിവെച്ച തുക, പൂർത്തിയാകാത്ത പദ്ധതികൾ, പൂർത്തിയാക്കാൻ സ്വീകരിച്ച വരുന്ന നടപടികൾ വ്യക്തമാക്കാമോ; | (സി) | പ്രസ്തുത കാലയളവിൽ പാറശ്ശാല മണ്ഡലത്തിൽ സാമൂഹ്യനീതി വകുപ്പ് മുഖേന നടപ്പാക്കുന്നതിന് അനുമതി ലഭിച്ച ശേഷം നാളിതുവരെയായി നടപ്പാക്കാൻ കഴിയാതെ പോയതോ ആരംഭിച്ച ശേഷം പൂർത്തീകരിച്ചിട്ടില്ലാത്തതോ ആയ പദ്ധതികളോ പ്രവൃത്തികളോ ഒന്നും തന്നെയില്ല. |
| (ഡി) | ഈ കാലയളവിൽ പാറശ്ശാല നിയോജക മണ്ഡലത്തിനായി സാമൂഹ്യനീതി വകുപ്പ് മുഖേന | (ഡി) | സാമൂഹ്യനീതി വകുപ്പിന് ജില്ലാ കേന്ദ്രം മാത്രമേ ഉള്ളൂ എന്നതിനാൽ ജില്ലാ തലത്തിൽ ആണ് പദ്ധതികൾ നടപ്പിലാക്കുന്നത്. ആയതിനാൽ സാമൂഹ്യനീതി |

| | | | |
|---|---|---|---|
| | ചെലവാക്കിയ ആകെ തുക, വർഷവും ഇനവും/ പദ്ധതിയും തിരിച്ച് ലഭ്യമാക്കാമോ? | | വകുപ്പ് പാറശ്ശാല മണ്ഡലത്തിനായി ചെലവഴിച്ച തുകയുടെ വിവരം ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല. എന്നാൽ ഈ ജില്ലയിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സാമൂഹ്യനീതി വകുപ്പ് ചെലവഴിച്ച തുകയുടെ ആകെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

## സാമൂഹ്യനീതി ഡയറക്ടറേറ്റ് മുഖേന നടപ്പിലാക്കിയ പദ്ധതികൾ

സാമൂഹ്യനീതി ഡയറക്ടറേറ്റ് മുഖേന ജില്ലാ തലത്തിലാണ് പദ്ധതികൾ നടപ്പിലാക്കുന്നത്. പാറശ്ശാല മണ്ഡലത്തിൽ ചെലവഴിച്ച തുകയുടെ വിവരം ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല. തിരുവനന്തപുരം ജില്ലയിൽ നടപ്പാക്കിയ പദ്ധതികളുടെയും ചെലവഴിച്ച തുകയുടെയും വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പദ്ധതിയുടെ പേര് | സാമ്പത്തിക വർഷം | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|---|
| 1 | വിദ്യാകരിണം | 2016–17 | 3738500 | 634 |
| | | 2017–18 | 2148500 | 356 |
| | | 2018–19 | 2098500 | 374 |
| | | 2019–20 | 1180000 | 198 |
| | | 2020–21 | 2835300 | 542 |
| | | 2021–22 | 1564500 | 327 |
| | | 2022–23 | 2966452 | 567 |
| | | 2023–24 | 1774500 | 326 |
| | | 2024–25 | 2544653 | 446 |
| | | 2025–26 | 998500 | 183 |
| 2 | വിദ്യാജ്യോതി | 2016–17 | 0 | 0 |
| | | 2017–18 | 360000 | 112 |
| | | 2018–19 | 599614 | 278 |

| | | | | |
|---|---|---|---|---|
| | | 2019–20 | 303508 | 137 |
| | | 2020–21 | 238000 | 91 |
| | | 2021–22 | 160215 | 74 |
| | | 2022–23 | 68192 | 28 |
| | | 2023–24 | 118127 | 43 |
| | | 2024–25 | 140258 | 54 |
| | | 2025–26 | 31157 | 12 |
| 3 | പരിണയം | 2016–17 | 430000 | 43 |
| | | 2017–18 | 520000 | 52 |
| | | 2018–19 | 1950000 | 65 |
| | | 2019–20 | 1180000 | 43 |
| | | 2020–21 | 1020000 | 34 |
| | | 2021–22 | 4740000 | 158 |
| | | 2022–23 | 1320000 | 44 |
| | | 2023–24 | 1020000 | 34 |
| | | 2024–25 | 1230000 | 41 |
| | | 2025–26 | 900000 | 30 |
| 4 | ഭിന്നശേഷി സ്കോളർഷിപ്പ് | 2016–17 | 40000 | 4 |
| | | 2017–18 | 221500 | 57 |
| | | 2018–19 | 1227800 | 188 |

| | | | | |
|---|---|---|---|---|
| | | | | |
| | | 2019–20 | 724000 | 92 |
| | | 2020–21 | 628500 | 85 |
| | | 2021–22 | 1163414 | 241 |
| | | 2022–23 | | |
| | | 2023–24 | | |
| | | 2024–25 | | |
| 5 | മിശ്രവിവാഹം ധനസഹായം | 2016–17 | 3630000 | 121 |
| | | 2017–18 | 2945000 | 99 |
| | | 2018–19 | 2580000 | 86 |
| | | 2019–20 | 1770000 | 59 |
| | | 2020–21 | 1560000 | 52 |
| | | 2021–22 | 2280000 | 76 |
| | | 2022–23 | 2550000 | 85 |
| | | 2023–24 | 2040000 | 68 |
| | | 2024–25 | 1890000 | 63 |
| 6 | ഗ്രാന്റ് ദുർബല ജനവിഭാഗം | 2016–17 | 4893754 | |
| | | 2017–18 | 6298047 | |
| | | 2018–19 | 5628529 | |

| | | | | |
|---|---|---|---|---|
| | | 2019-20 | 4493269 | |
| | | 2020-21 | 5285432 | |
| | | 2021-22 | 3122815 | |
| | | 2022-23 | 3595458 | |
| | | 2023-24 | 3694010 | |
| | | 2024-25 | 1925410 | |
| | | 2025-26 | 0 | |
| 7 | ഗ്രാന്റ് പി.ആർ.സി | 2016-17 | 809600 | |
| | | 2017-18 | 3308325 | |
| | | 2018-19 | 2180960 | |
| | | 2019-20 | 1990804 | |
| | | 2020-21 | 6484953 | |
| | | 2021-22 | 4382182 | |
| | | 2022-23 | 4310735 | |
| | | 2023-24 | 3882182 | |
| | | 2024-25 | 6739783 | |
| | | 2025-26 | 283260 | |
| 8 | റ്റി.ജി മാരേജ് | 2016-17 | 0 | |
| | | 2017-18 | 20000 | 1 |
| | | 2018-19 | 0 | |

| | | | | |
|---|---|---|---|---|
| | | 2019–20 | 0 | |
| | | 2020–21 | 0 | |
| | | 2021–22 | 0 | |
| | | 2022–23 | 90000 | 3 |
| | | 2023–24 | 30000 | 1 |
| | | 2024–25 | 30000 | 1 |
| 9 | റ്റി.ജി സ്കോളഷിപ്പ് | 2016–17 | 0 | |
| | | 2017–18 | 20000 | 1 |
| | | 2018–19 | 0 | |
| | | 2019–20 | 0 | |
| | | 2020–21 | 0 | |
| | | 2021–22 | 0 | |
| | | 2022–23 | 0 | |
| | | 2023–24 | 80000 | 4 |
| | | 2024–25 | 200000 | 11 |
| | | 2025–26 | 94000 | 5 |
| 10 | റ്റി.ജി ഹോസ്റ്റൽ ഫീസ് | 2016–17 | 0 | |
| | | 2017–18 | 0 | |
| | | 2018–19 | 0 | |
| | | 2019–20 | 0 | |

| | | | | |
|---|---|---|---|---|
| | | | | |
| | | 2020–21 | 0 | |
| | | 2021–22 | 0 | |
| | | 2022–23 | 304000 | 9 |
| | | 2023–24 | 200000 | 10 |
| | | 2024–25 | 356000 | 10 |
| 11 | റീഡേഴ്സ് അലവൻസ് | 2016–17 | 0 | |
| | | 2017–18 | 96000 | 3 |
| | | 2018–19 | 84000 | 3 |
| | | 2019–20 | 74194 | 3 |
| | | 2020–21 | 91871 | 4 |
| | | 2021–22 | 96000 | 4 |
| | | 2022–23 | | 2 |
| | | 2023–24 | 48333 | 2 |
| | | 2024–25 | 0 | |
| | | 2025–26 | 60000 | 2 |
| 12 | സ്വാശ്രയ | 2016–17 | 0 | |
| | | 2017–18 | 595000 | 17 |
| | | 2018–19 | 1785000 | 51 |
| | | 2019–20 | 525000 | 15 |

| | | | | |
|---|---|---|---|---|
| | | 2020-21 | 420000 | 12 |
| | | 2021-22 | 490000 | 14 |
| | | 2022-23 | 315000 | 9 |
| | | 2023-24 | 0 | |
| | | 2024-25 | 210000 | 6 |
| 13 | മന്ദഹാസം | 2016-17 | 0 | |
| | | 2017-18 | 0 | |
| | | 2018-19 | 520000 | 52 |
| | | 2019-20 | 170000 | 17 |
| | | 2020-21 | 0 | |
| | | 2021-22 | 0 | |
| | | 2022-23 | 0 | |
| | | 2023-24 | 0 | |
| | | 2024-25 | 580000 | 58 |
| 14 | മാതൃജ്യോതി | 2016-17 | 0 | |
| | | 2017-18 | 0 | |
| | | 2018-19 | 61751 | 5 |
| | | 2019-20 | 48000 | 1 |
| | | 2020-21 | 123441 | 6 |
| | | 2021-22 | 113086 | 8 |

| | | | | |
|---|---|---|---|---|
| | | 2022-23 | 402277 | 28 |
| | | 2023-24 | 55355 | 4 |
| | | 2024-25 | 120134 | 9 |
| | | 2025-26 | 86509 | 4 |
| 15 | പരിരക്ഷ | 2016-17 | 0 | |
| | | 2017-18 | 0 | |
| | | 2018-19 | 2480 | 1 |
| | | 2019-20 | 450000 | 7 |
| | | 2020-21 | 350000 | 4 |
| | | 2021-22 | 60685 | 1 |
| | | 2022-23 | 11908 | 1 |
| | | 2023-24 | 0 | |
| | | 2024-25 | 0 | |
| 16 | വിജയാമൃതം | 2016-17 | 0 | |
| | | 2017-18 | 0 | |
| | | 2018-19 | 0 | |
| | | 2019-20 | 30750 | 4 |
| | | 2020-21 | 0 | |
| | | 2021-22 | 0 | |
| | | 2022-23 | 24000 | 3 |

| | | | | |
|---|---|---|---|---|
| | | 2023-24 | 0 | |
| | | 2024-25 | 94300 | 7 |
| | | 2025-26 | 18100 | 4 |
| 17 | വിദൂര വിദ്യാഭ്യാസം | 2016-17 | 0 | |
| | | 2017-18 | 0 | |
| | | 2018-19 | 0 | |
| | | 2019-20 | 0 | |
| | | 2020-21 | 0 | |
| | | 2021-22 | 11390 | 2 |
| | | 2022-23 | 1205 | 1 |
| | | 2023-24 | 0 | |
| | | 2024-25 | 7300 | 1 |
| 18 | ശ്രേഷ്ഠം | 2016-17 | 0 | |
| | | 2017-18 | 0 | |
| | | 2018-19 | 0 | |
| | | 2019-20 | 0 | |
| | | 2020-21 | 0 | |
| | | 2021-22 | 10000 | 1 |
| | | 2022-23 | 0 | |
| | | 2023-24 | 0 | |

| | | | | |
|---|---|---|---|---|
| | | 2024-25 | 0 | |
| 19 | കരുതൽ | 2016-17 | 0 | |
| | | 2017-18 | 0 | |
| | | 2018-19 | 0 | |
| | | 2019-20 | 0 | |
| | | 2020-21 | 0 | |
| | | 2021-22 | 0 | |
| | | 2022-23 | 0 | |
| | | 2023-24 | 92675 | 3 |
| | | 2024-25 | 13087 | 2 |
| 20 | സഹചാരി | 2016-17 | 0 | |
| | | 2017-18 | 0 | |
| | | 2018-19 | 0 | |
| | | 2019-20 | 0 | |
| | | 2020-21 | 0 | |
| | | 2021-22 | 0 | |
| | | 2022-23 | 21040 | 2 |
| | | 2023-24 | 0 | |
| | | 2024-25 | 20000 | 2 |

**കേരള സംസ്ഥാന ഭിന്നശേഷിക്ഷേമ കോർപ്പറേഷൻ**

## നടപ്പിലാക്കി വരുന്ന പദ്ധതികൾ

കേരള സംസ്ഥാന ഭിന്നശേഷിക്ഷേമ കോർപ്പറേഷന്റെ പദ്ധതി പ്രവർത്തനങ്ങൾ സംസ്ഥാന അടിസ്ഥാനത്തിലാണ് നടപ്പാക്കി വരുന്നത്. ആയതിനാൽ തന്നെ മണ്ഡല അടിസ്ഥാനത്തിലുള്ള വിവരം ലഭ്യമല്ല. പ്രസ്തുത പദ്ധതി പ്രവർത്തനങ്ങളുടെ വിശദാംശങ്ങളും കൂടാതെ കോർപ്പറേഷനിൽ ലഭ്യമായ വിശദാംശങ്ങളും പരിശോധിച്ചതിൽ വിവിധ പദ്ധതികളുടെയും, പ്രവൃത്തികളുടെയും സംബന്ധിച്ച പാറശ്ശാല മണ്ഡലം ഉൾപ്പെടുന്ന തിരുവനന്തപുരം ജില്ലയെ സംബന്ധിച്ച വിശദ വിവരം അനുബന്ധം ആയി ഇതോടൊപ്പം ചേർക്കുന്നു.

**അനുബന്ധം I**

**1. ഹൈടെക് ലിംബ്, ഇലക്ട്രോണിക് വീൽചെയർ തുടങ്ങിയ ആധുനിക ഉപകരണങ്ങളുടെയും പ്രത്യേക ആവശ്യങ്ങൾക്കുള്ള മറ്റ് സഹായ ഉപകരണങ്ങളുടെയും സൗജന്യ വിതരണം (ശുഭയാത്ര)**

ഈ പദ്ധതിയനുസരിച്ച് 1,00,000/- രൂപയിൽ താഴെ പ്രതിവർഷ വരുമാനമുള്ള ഭിന്നശേഷിക്കാർക്ക് സഹായോപകരണങ്ങൾ സൗജന്യമായി അനുവദിക്കുന്നു. മൂന്ന് വർഷത്തിലൊരിക്കലാണ് ഭിന്നശേഷിക്കാർക്ക് സഹായോപകരണങ്ങൾ നൽകി വരുന്നത്. ഹൈടെക് ലിംബ്, ഇലക്ട്രോണിക് വീൽചെയർ, വോയ്സ് എൻഹാൻസ്ഡ് സോഫ്റ്റ് വെയറോടു കൂടിയ ലാപ്ടോപ്, വീൽചെയർ, മൂന്നുവീൽ സൈക്കിൾ, ആർട്ടിഫിഷ്യൽ ലിംബുകൾ, കാലിപ്പർ, ശ്രവണ സഹായി, ഡി.വി.ഡി.പ്ളെയറുകൾ, കുടലിൽ ക്യാൻസർ ബാധിച്ചവർക്കുള്ള കൊളോസ്റ്റമീ ബാഗുകൾ, വൈറ്റ്കെയിൻ, കുട്ടികൾക്കുള്ള സി.പി.ചെയറുകൾ, വാക്കർ തുടങ്ങി 100 ഓളം ഉപകരണങ്ങൾ കോർപ്പറേഷനിൽ നിന്നും നൽകി വരുന്നു. ഗവൺമെൻറ് ഡോക്ടർമാരുടെ ശുപാർശയോടുകൂടിയ നിശ്ചിത അപേക്ഷാഫോറത്തോടൊപ്പം രണ്ട് പാസ്സ്പോർട്ട് സൈസ് ഫോട്ടോയും റേഷൻ കാർഡ്, ഭിന്നശേഷിത്വം തെളിയിക്കുന്ന മെഡിക്കൽ ബോർഡ് സർട്ടിക്കിഫിക്കറ്റ് എന്നിവയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പും ഹാജരാക്കേണ്ടതാണ്.

നിബന്ധനകൾ

1. കേരളത്തിൽ സ്ഥിര താമസക്കാരനായിരിക്കണം.
2. 40% -മോ അതിന് മുകളിലോ ഭിന്നശേഷിത്വം ഉണ്ടായിരിക്കണം.
3. വാർഷിക വരുമാനം 1,00,000/-രൂപ വരെ (വില്ലേജ് ഓഫീസറുടെ വരുമാന സർട്ടിഫിക്കറ്റ്)

4. ഹൈടെക് ലിംബ്, ഇലക്ട്രോണിക് വീൽചെയർ, വോയ്സ് എൻഹാൻസ്ഡ് സോഫ്റ്റ് വെയറോട്ടു കൂടിയ ലാപ്ടോപ്പ്, സൈഡ് വീൽ സ്കൂട്ടർ എന്നിവ എട്ട് വർഷത്തിലൊരിക്കലും സഹായഉപകരണങ്ങൾ മൂന്ന് വർഷത്തിലൊരിക്കലും മാത്രം. (12 വയസ്സിന് താഴെയുള്ള കുട്ടികൾക്ക് വർഷത്തിലൊരിക്കൽ)

**2. (ശുഭയാത്ര) ട്രൈസ്കൂട്ടർ വിതരണം –** നിർദ്ദിഷ്ട അപേക്ഷാ ഫോറത്തിൽ താഴെപ്പറയുന്ന നിബന്ധനകൾ പ്രകാരം അപേക്ഷ സമർപ്പിക്കാവുന്നതാണ്.

നിബന്ധനകൾ

- 18 വയസ്സിന് മുകളിൽ പ്രായം,
- 40–ഉം അതിന് മുകളിലും ശതമാനമുള്ള ചലന പരിമിതി,
- ഒരു ലക്ഷത്തിൽ കുറഞ്ഞ വാർഷിക വരുമാനം,
- സർക്കാർ ഉദ്യോഗം ഇല്ലാതിരിക്കുക എന്നിവ അടിസ്ഥാന യോഗ്യത (Eligibility criteria) ആയിരിക്കും.
- ലോക്കോമോട്ടോർ ഡിസബിലിറ്റി വിഭാഗത്തിൽ ചലന പരിമിതി നേരിടുന്നവരുടെ ചലന സ്വാതന്ത്ര്യം ഉറപ്പ് വരുത്താൻ മാത്രമാണ് ഈ പദ്ധതി. മറ്റ് ഒരു ഭിന്ന ശേഷിക്കാരേയും ഈ പദ്ധതിയിൽ പരിഗണിക്കുന്നതല്ല.
- Eligibility criteria പാലിക്കുന്ന വനിതകൾക്കും, എസ്.റ്റി. വിഭാഗത്തിൽപ്പെട്ടവർക്കും പ്രഥമ പരിഗണന.

3. **മോട്ടോറൈസ്ഡ് മുച്ചക്രവാഹനങ്ങൾക്കുള്ള സബ്സിഡി**

മോട്ടോറൈസ്ഡ് ട്രൈസൈക്കിൾ വാങ്ങി സൈഡ് വീൽ ഘടിപ്പിക്കുന്നതിനായി ഭിന്നശേഷിത്വമുള്ള വിദ്യാർത്ഥികൾക്കും സ്വയം തൊഴിൽ ചെയ്യുന്നവർക്കും 15,000/– രൂപ വരെ സബ്സിഡിയായി നൽകുന്നു. (ബിൽ തുക പരമാവധി 15,000/– രൂപ ) നിശ്ചിത അപേക്ഷാഫാറത്തോടൊപ്പം സ്കൂട്ടർ വാങ്ങി സൈഡ് വീൽ ഫിറ്റ് ചെയ്ത ബിൽ, രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, 40% വും അതിൽ കൂടുതലോ ഭിന്നശേഷിത്വമുണ്ടെന്നുള്ള മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റ്, റേഷൻ കാർഡിന്റെ 1,2 പേജുകളുടെ കോപ്പി, വാഹനം ഇൻഷ്വർ ചെയ്ത സർട്ടിഫിക്കറ്റിന്റെ കോപ്പി, വാഹനത്തിന്റെ നമ്പർ കാണത്തക്കവിധം അപേക്ഷകൻ

ഇരുന്നെടുത്ത ഫോട്ടോ, ലൈസൻസ്/ലേണേഴ്സ് ലൈസൻസ്, വില്ലേജാഫീസർ നൽകുന്ന വരുമാന സർട്ടിക്കിഫിക്കറ്റ് എന്നിവ സമർപ്പിക്കേണ്ടതാണ്.

**4. <u>സ്വയം തൊഴിൽ പദ്ധതി (ബാങ്ക് വായ്പ സബ്സിഡി)</u>**

സ്വയം തൊഴിൽ പദ്ധതിയിൻ കീഴിൽ വിവിധ വിഭാഗത്തിൽപ്പെട്ട ഭിന്നശേഷിത്വമുള്ളവർക്ക് കോർപ്പറേഷൻ സംസ്ഥാനത്തെ വിവിധ വാണിജ്യ ബാങ്കുകളിലൂടെ വായ്പ ലഭ്യമാക്കി വരുന്നു. ഈ പദ്ധതിക്ക് കോർപ്പറേഷൻ സബ്സിഡി നൽകുന്നു. ലോൺ തുക 20,000/- രൂപവരെ ലോൺ തുകയുടെ 50% (പരമാവധി 5000/- രൂപ) സബ്സിഡിയായും ലോൺ തുക 20,001/- മുതൽ 50,000/- രൂപവരെ ലോൺ തുകയുടെ 30% സബ്സിഡിയായും ലോൺ തുക 50,001/- മുതൽ 1,00,000/- രൂപവരെ ലോൺ തുകയുടെ 25% (മിനിമം 15,000/- രൂപ) സബ്സിഡിയായും, ലോൺ തുക ഒരു ലക്ഷം രൂപയ്ക്കു മുകളിൽ ലോൺ തുകയുടെ 20% (മാക്സിമം ഒരു ലക്ഷം രൂപ വരെ) സബ്സിഡിയായും നൽകുന്നു. ഇതിലേയ്ക്കായി കോർപ്പറേഷൻ, അപേക്ഷകനാവശ്യപ്പെടുന്ന സർവ്വീസ് ഏരിയാ ബാങ്കിലേയ്ക്ക് അപേക്ഷ ശുപാർശ ചെയ്യുന്നു. ഇതിനായി പൂർണ്ണമായി പൂരിപ്പിച്ച അപേക്ഷാ ഫോറത്തോടൊപ്പം 40% ത്തിനു മുകളിൽ ഭിന്നശേഷിത്വം തെളിയിക്കുന്ന സർട്ടിഫിക്കറ്റിന്റെ കോപ്പി, റേഷൻ കാർഡിന്റെ 1,2 പേജുകളുടെ ഫോട്ടോ കോപ്പി, രണ്ട് പാസ്പോർട്ട് സൈസ് ഫോട്ടോ എന്നിവ ഹാജരാക്കേണ്ടതാണ്.

**5. <u>സ്വയം സഹായ സംഘങ്ങളുടെ പരിപോഷണം.</u>**

സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ഭിന്നശേഷിക്കാരാൽ പ്രവർത്തിപ്പിക്കപ്പെടുന്ന സ്വയം സഹായ സംഘങ്ങൾക്ക് അനുയോജ്യമായ മൈക്രോ പ്രോജക്ടുകൾ തെരഞ്ഞെടുക്കാനും അതാരംഭിക്കാനുമായി 20,000/- രൂപ ധനസഹായം കോർപ്പറേഷൻ നല്കിവരുന്നു. സംഘത്തിൽ കുറഞ്ഞത് 5 ഭിന്നശേഷിക്കാരായ അംഗങ്ങളെങ്കിലും ഉണ്ടായിരിക്കണം. തദ്ദേശ സ്ഥാപനങ്ങൾ/കുടുംബശ്രീകൾ മുഖേന രജിസ്റ്റർ ചെയ്തതായിരിക്കണം..

**6. <u>ഭിന്നശേഷിക്കാരായ ലോട്ടറി ഏജൻറുമാർക്കുള്ള സാമ്പത്തിക സഹായം</u>**

ഭിന്നശേഷിക്കാരായ ലോട്ടറി ഏജൻറുമാർക്ക് ധനസഹായമായി 5000/- രൂപ അനുവദിക്കുന്നു.

നിബന്ധനകൾ

- 18 വയസ്സിന് മുകളിൽ പ്രായം,
- 40-ഉം അതിന് മുകളിലും ശതമാനമുള്ള ഭിന്നശേഷിത്വം
- ഒരു ലക്ഷം രൂപ വരെ വാർഷിക വരുമാനം,
- ലോട്ടറി വകുപ്പിൽ നിന്നുള്ള ലൈസൻസും, പുതിയ ഏജൻസി സർട്ടിഫിക്കറ്റ്
- പാസ്പോർട്ട് സൈസ് ഫോട്ടോ എന്നിവ ഹാജരാക്കേണ്ടതാണ്.

## 7. സ്വയം തൊഴിലിന് വായ്പ ലഭിക്കുന്നതിന് ഈട് നൽകാൻ കഴിവില്ലാത്തവർക്ക് സ്വയം തൊഴിലിന് സാമ്പത്തിക സഹായം.

സ്വയം തൊഴിൽ വായ്പക്കായി ഈട് നൽകാൻ സ്വന്തമായി വസ്തുവോ വീടോ ഇല്ലാത്ത ഭിന്നശേഷിക്കാർക്ക് 25000/- രൂപ നിബന്ധനകൾക്ക് വിധേയമായി അനുവദിക്കുന്നു.

മാനദണ്ഡങ്ങൾ

- കേരളത്തിൽ സ്ഥിര താമസക്കാരനായിരിക്കണം.
- 40% -മോ അതിന് മുകളിലോ ഭിന്നശേഷിത്വം ഉണ്ടായിരിക്കണം.
- വാർഷിക വരുമാനം 1,00,000/-രൂപ വരെ (വില്ലേജ് ഓഫീസറുടെ വരുമാന സർട്ടിഫിക്കറ്റ്)
- ഗുരുതരമായ ഭിന്നശേഷിത്വമുള്ളവർ, വിധവകൾ, ഗുരുതരമായ അസുഖം ബാധിച്ച വൃദ്ധർ, 14 വയസ്സിന് താഴെ മാനസിക വൈകല്യമുള്ള കുട്ടികളുടെ രക്ഷകർത്താക്കൾ എന്നിവർക്ക് മുൻഗണന.
- സ്വന്തമായി വസ്തുവോ വീടോ ഇല്ല എന്ന വില്ലേജ് ആഫീസറുടെ സാക്ഷ്യപത്രം.

## 8. വിവധതരം വായ്പ.

നാഷണൽ ദിവ്യാംഗൻ ഫിനാൻസ് ആൻറ് ഡവലപ്മെന്റ് കോർപ്പറേഷന്റെ വായ്പ പദ്ധതി നടപ്പിലാക്കുന്ന കേരളത്തിലെ സ്റ്റേറ്റ് ചാനലിംഗ് ഏജൻസിയാണ് ഈ കോർപ്പറേഷൻ. സ്റ്റേറ്റ് ചാനലൈസിംഗ് ഏജൻസി (എസ്.സി.എ) യെന്ന നിലയിൽ, 2000 മുതൽ നാഷണൽ ദിവ്യാംഗൻ ഫിനാൻസ് ആൻറ് ഡവലപ്മെൻറ് കോർപ്പറേഷന്റെ പദ്ധതി പ്രകാരമുള്ള സ്വയംതൊഴിൽ, വിദ്യാഭ്യാസ, വാഹന, ഭവന വായ്പകൾ കോർപ്പറേഷൻ വിതരണം ചെയ്തു വരുന്നു. 50,000/- രൂപയ്ക്കു മുകളിൽ അനുവദിക്കുന്ന വായ്പയുടെ 5 ശതമാനം എസ്.സി.എ. ഷെയർ എന്ന നിലക്ക് കോർപ്പറേഷൻ നൽകുന്നു. കൂടാതെ സ്വയംതൊഴിൽ വായ്പക്ക് കാലാവധി കഴിഞ്ഞ വായ്പ ഒറ്റത്തവണ തീർപ്പാക്കൽ (OTS) പ്രകാരം തീർപ്പാക്കുന്നവർക്ക് പലിശ, പിഴ പലിശ ഇനത്തിൽ പരമാവധി 25000/- രൂപ ഇളവും, മരണപ്പെട്ടവരുടെ അവശേഷിക്കുന്ന വായ്പാ തുകയും പലിശയും പിഴ പലിശയും മാനദണ്ഡങ്ങൾ പ്രകാരം എഴുതി തള്ളി വായ്പ തീർപ്പാക്കലും കോർപറേഷൻ ചെയ്തു വരുന്നു. വായ്പ കാലാവധിക്കുള്ളിൽ വായ്പ തീർപ്പാക്കുന്നവർക്ക് മാനദണ്ഡങ്ങൾ പ്രകാരം 20% സബ്സിഡിയും അനുവദിച്ചു വരുന്നു.

പലിശ നിരക്ക്ചുവടെ കുറിക്കുന്നു.

1. **സ്വയംതൊഴിൽ, വാഹന വായ്പ**

| വായ്പ തുക | പലിശ |
|---|---|
| 50000/- രൂപ വരെ | 5% |
| 50,001- 5,00,000/- രൂപ വരെ | 6% |
| 5,00,001- 15,00,000/- രൂപ വരെ | 7% |
| 15,00,001 - 30,00,000/- രൂപ വരെ | 8% |
| 30,00,001 - 50,00,000/- രൂപ വരെ | 9% |

2. **ഭവന വായ്പ (മെറീഹോം)**

കേരളത്തിലെ ഭവനരഹിതരായ ഭിന്നശേഷിക്കാർക്ക് അർഹതയ്ക്ക് വിധേയമായി വീട് നിർമ്മാണത്തിനും വീട് വയ്ക്കുന്നതിനും വായ്പ നൽകുന്ന പദ്ധതിയാണ് മെറീഹോം പദ്ധതി. ടി പദ്ധതി പ്രകാരം പരമാവധി 50 ലക്ഷം രൂപ വരെ വായ്പ അനുവദിച്ചു വരുന്നു. വായ്പയ്ക്ക് അപേക്ഷിക്കുന്നവർ 40 ശതമാനമോ അതിനു മുകളിലോ ഭിന്നശേഷിത്വമുള്ളവരും കേരളത്തിൽ സ്ഥിര താമസമുള്ളവരുമായിരിക്കേണം. പ്രോജക്റ്റ് അപ്രൈസൽ കമ്മറ്റി തീരുമാനമനുസരിച്ചാണ് ലോൺ തുക അനുവദിക്കുന്നത്. ടി പദ്ധതി അനുസരിച്ച് 5 ലക്ഷം രൂപ വരെ ആറ് ശതമാനവും 5 ലക്ഷത്തിനു മുകളിൽ 50 ലക്ഷം രൂപ വരെ 7% വുമാണ് പലിശ ഈടാക്കുന്നത്.

| വായ്പ തുക | പലിശ<br>ഭവന വായ്പ |
|---|---|
| 50000/- രൂപ വരെ | 5% |
| 50,001- 5,00,000/- രൂപ വരെ | 6% |
| 5,00,001- 50,00,000/- രൂപ വരെ | 7% |

3. **വിദ്യാഭ്യാസ വായ്പ**

| വായ്പ തുക | വിദ്യാഭ്യാസ വായ്പ |
|---|---|
| 50,00,000/- രൂപ വരെ | 4% |

(50000 രൂപവരെയുള്ള വായ്പക്ക് കാഴ്ച, കേൾവി, ബൗദ്ധിക വെല്ലുവിളി നേരിടുന്നവർക്ക് 1% പലിശയിളവ്)

**9. ഭിന്നശേഷിക്കാരായ എസ്.എസ്.എൽ.സി., പ്ലസ് 2 വിദ്യാർത്ഥികൾക്ക് പ്രൊഫിഷ്യൻസി അവാർഡ്**

40 ശതമാനമോ അതിന് മുകളിലോ ഭിന്നശേഷിത്വമുള്ളവരും കേരള സംസ്ഥാനത്ത് സ്ഥിര താമസമുള്ളവരും നടപ്പ് അക്കാദമിക വർഷത്തിൽ എസ്.എസ്.എൽ.സി., പ്ലസ് ടു പരീക്ഷകളിൽ എ ഗ്രേഡോ അതിന് മുകളിലോ മാർക്ക് വാങ്ങി ഉന്നത വിജയം നേടിയ വിദ്യാർത്ഥികൾക്ക് 5000/- രൂപ വീതം ക്യാഷ് അവാർഡ് നൽകുന്നു. (ബുദ്ധിപരമായ വെല്ലുവിളി നേരിടുന്ന വിഭാഗത്തിന് ഗ്രേഡ് നിബന്ധനയില്ല).

**10. ഗുരുതരമായ ഭിന്നശേഷിത്വമുള്ള കുട്ടികൾക്ക് വേണ്ടി സ്ഥിര നിക്ഷേപ പദ്ധതി**

ഗുരുതര ഭിന്നശേഷിയുള്ള കുട്ടികളുടെ പേരിൽ 20000/ രൂപ 18 വയസ്സ് വരെ സ്ഥിര നിക്ഷേപം നടത്തുന്നു. ഈ പദ്ധതിയുടെ പ്രധാനഘടകങ്ങൾ ഇവയാണ്.

യോഗ്യത :

1. 80 ശതമാനമോ അതിൽ കൂടുതലോ ഭിന്നശേഷിത്വമുള്ളവർ.
2. പ്രതിവർഷ കുടുംബ വരുമാനം 1,00,000 രൂപ വരെ
3. പ്രായ പരിധി : നവജാതശിശു മുതൽ 10 വയസ് വരെ.

എ) ട്രസ്റ്റി : കോർപ്പറേഷൻ

ബി) ഫണ്ട് റീലീസ് : 18 വയസിന് ശേഷമോ, അത്യാവശ്യ ഘട്ടങ്ങളിലോ.

11. **പാറശ്ശാലയിലെ (സാഫല്യം) വയോജന പരിചരണ കേന്ദ്രം** 50 വയസ്സിന് മുകളിൽ പ്രായമുള്ള കിടപ്പ് രോഗികളല്ലാത്ത ഭിന്നശേഷിക്കാരായ വയോജനങ്ങളെ താമസിപ്പിക്കുന്നതിനും പരിപാലിക്കുന്നതിനും ആധുനിക സജ്ജീകരണങ്ങളോടുകൂടിയ (സാഫല്യം) എന്ന പേരിൽ ഒരു പരിചരണകേന്ദ്രം തിരുവനന്തപുരം ജില്ലാ പഞ്ചായത്തും ഭിന്നശേഷിക്ഷേമ കോർപ്പറേഷനും, സ്നേഹം പാലിയേറ്റീവ് കെയറും സംയുക്തമായി പാറശ്ശാലയിൽ നടത്തി വരുന്നു. ഇവിടെ സ്ത്രീകളും, പുരുഷന്മാരുമായി 40 പേരെ സംരക്ഷിക്കുന്നതിനുള്ള സൗകര്യം ഒരുക്കിയിട്ടുണ്ട്.

**അനുബന്ധം II**

കേരള സംസ്ഥാന ഭിന്നശേഷി ക്ഷേമ കോർപ്പറേഷന്റെ പദ്ധതി പ്രവർത്തനങ്ങൾ സംസ്ഥാന അടിസ്ഥാനത്തിലാണ് നടപ്പിലാക്കി വരുന്നത്. ആയതിനാൽ തന്നെ മണ്ഡല അടിസ്ഥാനത്തിലുള്ള വിവരം ലഭ്യമല്ല. എങ്കിലും കോർപ്പറഷനിൽ ലഭ്യമായ വിശദാംശങ്ങൾ പരിശോധിച്ചതിൽ വിവിധ പദ്ധതികൾ, ഗുണഭോക്താക്കളുടെ എണ്ണം, തുക എന്നിവ സംബന്ധിച്ച പാറശ്ശാല മണ്ഡലം ഉൾപ്പെടുന്ന തിരുവനന്തപുരം ജില്ലയുടെ കണക്കിന്റെ വിശദാംശംങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

| **ജില്ല** | **വായ്പ പദ്ധതി-സ്വയം തൊഴിൽ /വിദ്യാഭ്യാസ/ഭവന/വാഹന (2016-17 മുതൽ 2025-26 28/01/2026)** | | **ആശ്വാസം പദ്ധതി (2023-24 to 2025-26)** | | **'ഹസ്തദാനം' പദ്ധതി (2023-24 to 2025-26)** | |
|---|---|---|---|---|---|---|
| | ഗുണഭോക്താക്കളുടെ എണ്ണം | അനുവദിച്ച തുക (തുക ലക്ഷത്തിൽ) | ഗുണഭോക്താക്കളുടെ എണ്ണം | അനുവദിച്ച തുക (തുക ലക്ഷത്തിൽ) | ഗുണഭോക്താക്കളുടെ എണ്ണം | അനുവദിച്ച തുക (തുക ലക്ഷത്തിൽ) |
| തിരുവനന്തപുരം | 1815 | 5791.43 | 269 | 37.19 | 148 | 16.1 |

**കേരള സാമൂഹ്യസുരക്ഷാ മിഷൻ മുഖേന നടപ്പിലാക്കിയ പദ്ധതികൾ**

സംസ്ഥാനത്ത് അവശത അനുഭവിക്കുന്ന വിവിധ ജനവിഭാഗങ്ങളായ വയോജനങ്ങൾ, സ്ത്രീകൾ, കുട്ടികൾ, മാരക രോഗം ബാധിച്ചവർ, ഭിന്നശേഷിക്കാർ തുടങ്ങിയവർക്ക് ആശ്വാസം പകരുന്ന വിവിധ പദ്ധതികൾ സംസ്ഥാനാടിസ്ഥാനത്തിലാണ് കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന നടപ്പിലാക്കി വരുന്നത്. ടി പദ്ധതികളുടെ നടത്തിപ്പ് സംസ്ഥാനാടിസ്ഥാനത്തിൽ ആയതിനാൽ പദ്ധതികളുടെ മണ്ഡല അടിസ്ഥാനത്തിലുള്ള കണക്കുകൾ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല. ആയതിനാൽ 2016-17 സാമ്പത്തിക വർഷം മുതൽ

നാളിതുവരെ കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന നൽകിയ ആനുകൂല്യങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

**1. ആശ്വാസകിരണം പദ്ധതി :** ഒരു മുഴുവൻ സമയ പരിചാരകന്റെ സേവനം ആവശ്യമാംവിധം കിടപ്പിലായ രോഗികളെയും മാനസിക ശാരീരിക വെല്ലുവിളി നേരിടുന്നവരെയും ഗുരുതര രോഗങ്ങളുള്ളവരെയും പരിചരിക്കുന്നവർക്ക് പ്രതിമാസ ധനസഹായം അനുവദിക്കുന്ന പദ്ധതിയാണ് ആശ്വാസകിരണം പദ്ധതി. 2010 ലാണ് പദ്ധതി ആരംഭിച്ചത്. തുടക്കത്തിൽ 250/- രൂപയായിരുന്നു നൽകിയിരുന്നത്. നിലവിൽ 600/- രൂപ വീതമാണ് പ്രതിമാസം ധനസഹായമായി അനുവദിച്ചു വരുന്നത്. 2016-17 സാമ്പത്തിക വർഷം മുതൽ നാളിതുവരെ ആശ്വാസകിരണം പദ്ധതിയിലൂടെ നൽകിയ ആനുകൂല്യങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| സാമ്പത്തിക വർഷം | ബഡ്ജറ്റ് വിഹിതം | ലഭിച്ച തുക | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|---|
| 2016 - 2017 | 4700 ലക്ഷം (3200 ലക്ഷം + 1500 ലക്ഷം SDG) | 4700 ലക്ഷം (3200 ലക്ഷം + 1500 ലക്ഷം SDG) | 8270.52 ലക്ഷം | 90251 |
| 2017 - 2018 | 4000 ലക്ഷം | 4000 ലക്ഷം | 7365.13 ലക്ഷം | 102952 |
| 2018 - 2019 | 4200 ലക്ഷം | 4200 ലക്ഷം | 4200.69 ലക്ഷം | 120301 |
| 2019 - 2020 | 4160 ലക്ഷം | 4160 ലക്ഷം | 4160 ലക്ഷം | 113717 |
| 2020 - 2021 | 9812.04 ലക്ഷം (5812.04 ലക്ഷം SDG) | 9812.04 ലക്ഷം (5812.04 ലക്ഷം SDG) | 9812.04 ലക്ഷം | 114188 |
| 2021 - 2022 | 4000 ലക്ഷം | 4000 ലക്ഷം | 4000 ലക്ഷം | 96086 |

| | | | | |
|---|---|---|---|---|
| 2022 – 2023 | 4250 ലക്ഷം | 2500 ലക്ഷം | 2421.09 ലക്ഷം | 38104 |
| 2023 – 2024 | 5400 ലക്ഷം | 1500 ലക്ഷം | 1499.96 ലക്ഷം | 19229 |
| 2024 – 2025 | 5000 ലക്ഷം | 3764 ലക്ഷം | 3763.99 ലക്ഷം | 28411 |
| 2025 – 2026 | 5000 ലക്ഷം | 1750 ലക്ഷം | 1611 ലക്ഷം | 24591 |
| **ആകെ** | **50522.04 ലക്ഷം** | **40386.04 ലക്ഷം** | **47104.42 ലക്ഷം** | |

**2. <u>സ്നേഹസ്പർശം</u> <u>പദ്ധതി</u>** : ചൂഷണത്തിന് വിധേയരായി അവിവാഹിത അവസ്ഥയിൽ അമ്മമാരാകുന്നവർ കുടുംബങ്ങളിൽ നിന്നും സമൂഹത്തിൽ നിന്നും ഒറ്റപ്പെട്ട് ജീവിക്കേണ്ടി വരുന്നു. ഇത്തരക്കാർക്ക് ദൈനംദിന ജീവിതത്തിന് ആവശ്യമായ സാമ്പത്തിക സഹായം നൽകി ഇവരെ പുനരധിവസിപ്പിക്കുക എന്ന ഉദ്ദേശ്യത്തോടെ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പദ്ധതിയാണ് സ്നേഹസ്പർശം പദ്ധതി. നിലവിൽ 2000/- രൂപ വീതമാണ് പ്രതിമാസം ധനസഹായമായി അനുവദിച്ചു വരുന്നത്. 2016-17 സാമ്പത്തിക വർഷം മുതൽ നാളിതുവരെ സ്നേഹസ്പർശം പദ്ധതിയിലൂടെ നൽകിയ ആനുകൂല്യങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| സാമ്പത്തിക വർഷം | ബഡ്ജറ്റ് വിഹിതം | ലഭിച്ച തുക | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|---|
| 2016 – 2017 | 250 ലക്ഷം | 250 ലക്ഷം | 256.35 ലക്ഷം | 2044 |
| 2017 – 2018 | 250 ലക്ഷം | 250 ലക്ഷം | 283.78 ലക്ഷം | 2075 |
| 2018 – 2019 | 250 ലക്ഷം | 250 ലക്ഷം | 246.12 ലക്ഷം | 2044 |
| 2019 – 2020 | 250 ലക്ഷം | 250 ലക്ഷം | 250 ലക്ഷം | 2074 |

| | | | | |
|---|---|---|---|---|
| 2020 – 2021 | 503.48 ലക്ഷം (303.48 ലക്ഷം SDG) | 503.48 ലക്ഷം (303.48 ലക്ഷം SDG) | 425.62 ലക്ഷം | 2044 |
| 2021 – 2022 | 200 ലക്ഷം | 200 ലക്ഷം | 200 ലക്ഷം | 1483 |
| 2022 – 2023 | 200 ലക്ഷം | 200 ലക്ഷം | 200 ലക്ഷം | 538 |
| 2023 – 2024 | 200 ലക്ഷം | 156.9 ലക്ഷം | 148.92 ലക്ഷം | 567 |
| 2024 – 2025 | 150 ലക്ഷം | 120 ലക്ഷം | 120 ലക്ഷം | 588 |
| 2025 – 2026 | 150 ലക്ഷം | 78.75 ലക്ഷം | 78.54 ലക്ഷം | 342 |
| **ആകെ** | **2403.48 ലക്ഷം** | **2259.13 ലക്ഷം** | **2209.33 ലക്ഷം** | |

**3. എൻഡോസൾഫാൻ ദുരിതബാധിതർക്ക് വേണ്ടിയുള്ള പദ്ധതികൾ**

കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിത ബാധിതരുടെ പുനരധിവാസത്തിന് വേണ്ടി കേരള സാമൂഹ്യ സുരക്ഷാ മിഷൻ ചുവടെ പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.

(എ). ആരോഗ്യ വകുപ്പ് നടത്തിയ സർവ്വേയുടേയും മെഡിക്കൽ ക്യാമ്പിൻറേയും അടിസ്ഥാനത്തിൽ കാസർഗോഡ് ജില്ലാ കളക്ടർ അംഗീകരിച്ച് നൽകിയ ദുരിതബാധിതരുടെ ലിസ്റ്റ് പ്രകാരം ദീർഘകാല ചികിൽസ ആവശ്യമുള്ളതും രോഗാവസ്ഥയിലുള്ളവരും തൊഴിലെടുക്കാനാകാതെ വീട്ടിനുള്ളിൽ കഴിയുന്നവരുമായവരിൽ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് വികലാംഗ പെൻഷൻ ലഭിക്കുന്നവർക്ക് 1700/- രൂപയും വികലാംഗ പെൻഷൻ ലഭിക്കാത്തവർക്ക് 2200/- രൂപയും എൻഡോസൾഫാൻ ദുരിത ബാധിതരായ മറ്റുള്ളവർക്ക് 1200/- രൂപ വീതവും പ്രതിമാസ ധനസഹായം അനുവദിക്കുന്ന പദ്ധതിയാണ് സ്നേഹസാന്ത്വനം പദ്ധതി.

(ബി). കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിരുടെ ഗണത്തിൽ പൂർണ്ണമായും കിടപ്പിലായവരോ ബുദ്ധിമാന്ദ്യം സംഭവിച്ചിട്ടുള്ളവരോ ആയവരെ (പരസഹായം കൂടാതെ ജീവിക്കാൻ പറ്റാത്തവർ) പരിചരിക്കുന്ന ഒരാൾക്ക് പ്രതിമാസ ധനസഹായം

അനുവദിക്കുന്ന പദ്ധതിയാണ് സ്പെഷ്യൽ ആശ്വാസകിരണം പദ്ധതി. നിലവിൽ 700/- രൂപ വീതമാണ് പ്രതിമാസം ധനസഹായമായി അനുവദിച്ച് വരുന്നത്.

(സി). എൻഡോസൾഫാൻ ദുരിത ബാധിത കുടുംബങ്ങളിലെ 12 വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് വിദ്യാഭ്യാസ ധനസഹായം അനുവദിക്കുന്ന പദ്ധതി. എൻഡോസൾഫാൻ ദുരിത ബാധിത കുടുംബങ്ങളിലെ കുട്ടികൾക്ക് 2011-12 മുതൽ പ്രത്യേക വിദ്യാഭ്യാസ ധനസഹായമായി ബഡ്സ് സ്കൂളിൽ പഠിക്കുന്നവർക്കും 1 മുതൽ 7 വരെയുള്ള ക്ലാസ്സുവരെയുള്ള കുട്ടികൾക്കും 2000/- രൂപ വീതവും 8 മുതൽ 10 വരെയുള്ള ക്ലാസ്സുവരെയുള്ളവർക്ക് 3000/- രൂപ വീതവും 11,12 ക്ലാസ്സുകളിലുള്ളവർക്ക് 4000/- രൂപ വീതവും ഒറ്റത്തവണ ധനസഹായം നൽകുന്ന പദ്ധതിയാണിത്.

(ഡി). കാസർഗോഡ് ജില്ലയിലെ പെരിയ, കാറഡുക്ക, മുളിയാർ, കയ്യൂർ ചീമേനി, ബെള്ളൂർ, കുമ്പഡാജെ എന്നീ 6 ബഡ്സ് സ്കൂളുകളെ മാതൃക ശിശു വികസന കേന്ദ്രങ്ങളാക്കി ഉയർത്തി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഈ കേന്ദ്രങ്ങളിൽ ആവശ്യമായ ഫർണിചറുകൾ, മറ്റ് ഉപകരണങ്ങൾ എന്നിവ ലഭ്യമാക്കുകയും ആവശ്യമായ ജീവനക്കാരെയും നിയമിക്കുകയും ചെയ്തിട്ടുണ്ട്. ബാക്കിയുള്ള, എൻമകജെ, പനത്തടി, ബദിയടുക്ക, കള്ളാർ എന്നീ പഞ്ചായത്തുകളിലെ 4 ബഡ്സ് സ്കൂളുകൾ കൂടി ഏറ്റെടുത്ത് സാമൂഹ്യ സുരക്ഷാ മിഷന് കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് സാമൂഹ്യ നീതി വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകികൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്. ഈ കേന്ദ്രങ്ങളിലേക്ക് ആവശ്യമായ ഫർണിച്ചറുകൾ സിഡ്കോയിൽ നിന്നും മറ്റ് തെറാപ്പി ഉപകരണങ്ങൾ നിപ്മറിൽ നിന്നും വാങ്ങിയിട്ടുണ്ട്. മേൽ 10 MCRC കളിൽ Solar Plant സ്ഥാപിക്കുന്നതിന് ANERT മായി ചേർന്ന് കൊണ്ട് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷം മുതൽ നാളിതുവരെ സ്നേഹസാന്ത്വനം പദ്ധതിയിലൂടെ നൽകിയ ആനുകൂല്യങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| സാമ്പത്തിക വർഷം | ബഡ്ജറ്റ് വിഹിതം | ലഭിച്ച തുക | ചെലവഴിച്ച തുക | ഗുണഭോക്താ ക്കളുടെ എണ്ണം |
|---|---|---|---|---|
| 2016 - 2017 | 1000 ലക്ഷം | 1000 ലക്ഷം | 1009.42 ലക്ഷം | 8833 |

| | | | | |
|---|---|---|---|---|
| 2017 – 2018 | 1450 ലക്ഷം | 1450 ലക്ഷം | 1133.23 ലക്ഷം | 10320 |
| 2018 – 2019 | 1000 ലക്ഷം | 1000 ലക്ഷം | 1052.42 ലക്ഷം | 5697 |
| 2019 – 2020 | 1930 ലക്ഷം | 1930 ലക്ഷം | 1159.01 ലക്ഷം | 6619 |
| 2020 – 2021 | 1900 ലക്ഷം | 1900 ലക്ഷം | 1891.61 ലക്ഷം | 5355 |
| 2021 – 2022 | 1900 ലക്ഷം | 1900 ലക്ഷം | 1307.65 ലക്ഷം | 6941 |
| 2022 – 2023 | 1700 ലക്ഷം | 1700 ലക്ഷം | 1240.96 ലക്ഷം | സ്നേഹസാന്ത്വനം – 5376 സ്പെഷ്യൽ ആശ്വാസകിരണം – 804 വിദ്യാഭ്യാസ ധനസഹായം – 684 |
| 2023 – 2024 | 1700 ലക്ഷം | 1605 ലക്ഷം | 1287.31 ലക്ഷം | സ്നേഹസാന്ത്വനം – 5304 സ്പെഷ്യൽ ആശ്വാസകിരണം – 776 വിദ്യാഭ്യാസ ധനസഹായം – 440 |
| 2024 – 2025 | 2077 ലക്ഷം | 2048.23 ലക്ഷം | 2003.38 ലക്ഷം | സ്നേഹസാന്ത്വനം – 5250 സ്പെഷ്യൽ ആശ്വാസകിരണം – 771 വിദ്യാഭ്യാസ ധനസഹായം – 356 |
| 2025 – 2026 | 1700 ലക്ഷം | 1337.18 | 834.58 | സ്നേഹസാന്ത്വനം – 5215 സ്പെഷ്യൽ ആശ്വാസകിരണം – 771 വിദ്യാഭ്യാസ ധനസഹായം – NIL (അപേക്ഷ |

| | | | | |
|---|---|---|---|---|
| | | | | സ്വീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്) |
| **ആകെ** | **16357 ലക്ഷം** | **15870.41 ലക്ഷം** | **12919.57 ലക്ഷം** | |

**4. വയോമിത്രം പദ്ധതി :** സംസ്ഥാനത്തെ മുനിസിപ്പൽ/ കോർപ്പറേഷനുകൾ/ ബ്ലോക്കുകളിൽ താമസിക്കുന്ന 65 വയസ്സിനു മുകളിൽ പ്രായമുള്ളവർക്ക് സമ്പൂർണ ആരോഗ്യ പരിരക്ഷയും മാനസിക ഉന്മേഷവും നൽകുന്ന വയോമിത്രം പദ്ധതി കേരള സാമൂഹിക സുരക്ഷാ മിഷൻ നടപ്പിലാക്കുന്നു. നിലവിൽ 95 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ 104 യൂണിറ്റുകൾ കാര്യക്ഷമമായി പ്രവർത്തിച്ചു വരുന്നു. ടി പദ്ധതിയിലൂടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ വയോജനങ്ങൾക്ക് ഹെല്പ് ഡെസ്ക് സേവനം, വയോജനങ്ങൾക്കുള്ള കൗൺസിലിങ്, മൊബൈൽ ക്ലിനിക്കിലൂടെ സൗജന്യ പരിശോധന മരുന്ന് വിതരണം, പാലിയേറ്റീവ് കെയർ, വാതിൽപ്പടി സേവനം, മൊബൈൽ ക്ലിനിക്കിലൂടെ സൗജന്യ ചികിത്സ എന്നിവ നൽകി വരുന്നു. ഇതിന് പുറമെ മുതിർന്ന പൗരന്മാർക്ക് മാനസിക ഉല്ലാസം പ്രധാനം ചെയ്യാനുള്ള പരിപാടികൾ, വിവിധ ദിനാചരണങ്ങൾ, സ്പെഷ്യാലിറ്റി മെഡിക്കൽ ക്യാമ്പുകൾ തുടങ്ങിയവയും വയോമിത്രം വഴി നടപ്പിലാക്കുന്നു. ജനകീയ പങ്കാളിത്തത്തോടുകൂടി വയോമിത്രത്തെ നഗര പ്രദേശങ്ങളിലെ മുതിർന്ന പൗരൻമാരുടെ കൂട്ടായ്മയായി വളർത്താനുള്ള ശ്രമങ്ങൾ മിഷൻ നടത്തി വരുന്നു. 2016-17 സാമ്പത്തിക വർഷം മുതൽ നാളിതുവരെ വയോമിത്രം പദ്ധതിയിലൂടെ നൽകിയ ആനുകൂല്യങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| സാമ്പത്തിക വർഷം | ബഡ്ജറ്റ് വിഹിതം | ലഭിച്ച തുക | ചെലവഴിച്ച തുക | പ്രോജക്ടുകളുടെ എണ്ണം | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|---|---|
| 2016 – 2017 | 1092.28 ലക്ഷം (900+192.28) | 1092.28 ലക്ഷം (900+192.28) | 1097.29 ലക്ഷം | 58 | 175865 |
| 2017 – 2018 | 1850 ലക്ഷം | 1850 ലക്ഷം | 2072.60 ലക്ഷം | 87 | 253503 |
| 2018 – 2019 | 2400 ലക്ഷം | 2400 ലക്ഷം | 2090.74 ലക്ഷം | 87 | 262845 |

| | | | | | |
|---|---|---|---|---|---|
| 2019 – 2020 | 2400 ലക്ഷം | 2400 ലക്ഷം | 2384.84 ലക്ഷം | 87 | 279635 |
| 2020 – 2021 | 4700.10 ലക്ഷം (2300.10 SDG) | 4700.10 ലക്ഷം (2300.10 SDG) | 4604.66 ലക്ഷം | 95 | 280165 |
| 2021 – 2022 | 4708.6 ലക്ഷം (2400 ലക്ഷം + 2308.60 ലക്ഷം SDG) | 4708.6 ലക്ഷം (2400 ലക്ഷം + 2308.60 ലക്ഷം SDG) | 4707.25 ലക്ഷം | 95 | 278623 |
| 2022 – 2023 | 2750 ലക്ഷം | 2365 ലക്ഷം | 2364.92 ലക്ഷം | 95 | 289030 |
| 2023 – 2024 | 2750 ലക്ഷം | 2750 ലക്ഷം | 1975.55 ലക്ഷം | 95 | 290030 |
| 2024 – 2025 | 2750 ലക്ഷം | 2200 ലക്ഷം | 1727.67 ലക്ഷം | 95 | 290590 |
| 2025-2026 | 2750 ലക്ഷം | 1962.5 ലക്ഷം | 1005.53 ലക്ഷം | 95 | 290590 |
| **ആകെ** | **28150.98 ലക്ഷം** | **26428.48 ലക്ഷം** | **24031.05 ലക്ഷം** | | |

**5. സ്നേഹപൂർവ്വം പദ്ധതി :** മാതാപിതാക്കൾ ആരെങ്കിലുമോ അല്ലെങ്കിൽ ഇരുവരുമോ മരണപ്പെട്ട് സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് വിദ്യാഭ്യാസത്തിന് ധനസഹായം നൽകുന്ന പദ്ധതിയാണ് സ്നേഹപൂർവ്വം പദ്ധതി. ഇത്തരം കുട്ടികൾ അനാഥാലയങ്ങളിൽ എത്തിപ്പെടാതെ സ്വഭവനങ്ങളിലോ ബന്ധുഗൃഹങ്ങളിലോ താമസിച്ച് അവരുടെ കുടുംബാംഗങ്ങളുടെ സംരക്ഷണത്തിൽ വളർന്ന് വിദ്യാഭ്യാസം നേടുകയെന്നതാണ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം. മാതാപിതാക്കൾ ജീവിച്ചിരിപ്പുള്ള എച്ച്. ഐ.വി ബാധിതരായ കുട്ടികളെയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

5 വയസ്സിനു താഴെയുള്ള കുഞ്ഞുങ്ങൾക്കും 1 മുതൽ 5 വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് പ്രതിമാസം 300/- രൂപ വീതവും 6 മുതൽ 10 വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് പ്രതിമാസം 500/- രൂപ വീതവും 11, 12 എന്നീ ക്ലാസ്സുകളിലും ഐ.ടി.ഐ, പോളിടെക്നിക് എന്നിവയ്ക്ക് പഠിക്കുന്ന കുട്ടികൾക്ക് പ്രതിമാസം 750/- രൂപ വീതവും ഡിഗ്രി, പ്രൊഫഷണൽ കോഴ്സ് എന്നിവയ്ക്ക് പഠിക്കുന്ന കുട്ടികൾക്ക് പ്രതിമാസം 1000/- രൂപ വീതവുമാണ് ധനസഹായം അനുവദിക്കുന്നത്. ഒരു അദ്ധ്യയന വർഷം പരമാവധി പത്ത് മാസത്തെ ധനസഹായമാണ് അനുവദിക്കുന്നത്. 2016-17 സാമ്പത്തിക വർഷം മുതൽ നാളിതുവരെ സ്നേഹപൂർവ്വം പദ്ധതിയിലൂടെ നൽകിയ ആനുകൂല്യങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| സാമ്പത്തിക വർഷം | ബഡ്ജറ്റ് വിഹിതം | ലഭിച്ച തുക | ചെലവായ തുക | ഗുണഭോക്താ ക്കളുടെ എണ്ണം |
|---|---|---|---|---|
| 2016-2017 | 2800 ലക്ഷം | 2800 ലക്ഷം | 2894.08 ലക്ഷം | 56291 |
| 2017-2018 | 2000 ലക്ഷം | 2000 ലക്ഷം | 2016.12 ലക്ഷം | 38224 |
| 2018-2019 | 1800 ലക്ഷം | 1800 ലക്ഷം | 1781.83 ലക്ഷം | 34952 |
| 2019-2020 | 1780 ലക്ഷം | 1780 ലക്ഷം | 1754.49 ലക്ഷം | 31933 |
| 2020-2021 | 1700 ലക്ഷം | 1700 ലക്ഷം | 1698.92 ലക്ഷം | 25948 |
| 2021-2022 | 4510.30 ലക്ഷം (1700 ലക്ഷം + 2810.30 ലക്ഷം SDG) | 4510.30 ലക്ഷം | 4510.29 ലക്ഷം | 70881 |
| 2022-2023 | 1700 ലക്ഷം | 1105 ലക്ഷം | 1104.99 ലക്ഷം | 21742 |
| 2023-2024 | 1700 ലക്ഷം | 1700 ലക്ഷം | 1700 ലക്ഷം | 57187 |
| 2024-2025 | 1739 ലക്ഷം | 1291 ലക്ഷം | 1291 ലക്ഷം | 44018 |

| | | | | |
|---|---|---|---|---|
| | | | | |
| 2025-2026 | 2000 ലക്ഷം | 1227.2 ലക്ഷം | 1227.2 ലക്ഷം | 38891 |
| **ആകെ** | **21729.3 ലക്ഷം** | **19913.5 ലക്ഷം** | **19977.24 ലക്ഷം** | |

**6. <u>സമാശ്വാസം</u> <u>പദ്ധതി</u>** : വൃക്ക തകരാർ സംഭവിച്ച് സ്ഥിരമായി ഡയാലിസിസിൽ ഏർപ്പെടുന്നവർ, വൃക്ക, കരൾ മാറ്റിവെയ്ക്കൽ സർജറിയ്ക്ക് വിധേയരായവർ, ഹീമോഫീലിയ രോഗികൾ, സിക്കിൾ സെൽ അനീമിയ രോഗികൾ എന്നിവർക്ക് പ്രതിമാസ ധനസഹായം അനുവദിക്കുന്ന പദ്ധതിയാണ് സമാശ്വാസം പദ്ധതി. ഡയാലിസിസിന് വിധേയരാകുന്ന ബി.പി.എൽ വിഭാഗത്തിൽപ്പെടുന്ന രോഗികൾക്ക് പ്രതിമാസം 1100/- രൂപ വീതവും വൃക്ക, കരൾ മാറ്റിവെയ്ക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയരായ കുടുംബ വാർഷിക വരുമാനം ഒരു ലക്ഷം രൂപ വരെയുള്ളവർക്ക് പ്രതിമാസം 1000/- രൂപ വീതവും ഹീമോഫീലിയ രോഗികൾക്ക് വരുമാന പരിധിയില്ലാതെ 1000/- രൂപ വീതവും നോൺട്രൈബൽ വിഭാഗത്തിൽപ്പെട്ട അരിവാൾ രോഗം ബാധിച്ച രോഗികൾക്ക് പ്രതിമാസം 2000/- രൂപ വീതവും അനുവദിച്ചു വരുന്നു. 2016-17 സാമ്പത്തിക വർഷം മുതൽ നാളിതുവരെ സമാശ്വാസം പദ്ധതിയിലൂടെ നൽകിയ ആനുകൂല്യങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| സാമ്പത്തിക വർഷം | ബഡ്ജറ്റ് വിഹിതം | ലഭിച്ച തുക | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|---|
| 2016 - 2017 | 315 ലക്ഷം | 315 ലക്ഷം | 565 ലക്ഷം | 7203 |
| 2017 - 2018 | 315 ലക്ഷം | 315 ലക്ഷം | 1327.88 ലക്ഷം | 10482 |
| 2018 - 2019 | 315 ലക്ഷം | 315 ലക്ഷം | 544 ലക്ഷം | 9354 |
| 2019 - 2020 | 50 ലക്ഷം | 50 ലക്ഷം | 261.12 ലക്ഷം | 9554 |
| 2020 - 2021 | 1376.95 ലക്ഷം (500 | 1376.95 ലക്ഷം | 1376.95 ലക്ഷം | 8374 |

| | | | | |
|---|---|---|---|---|
| | + 876.95) | | | |
| 2021 – 2022 | 500 ലക്ഷം | 500 ലക്ഷം | 499.40 ലക്ഷം | 2662 |
| 2022 – 2023 | 600 ലക്ഷം | 390 ലക്ഷം | 389.99 ലക്ഷം | 2977 |
| 2023 – 2024 | 600 ലക്ഷം | 600 ലക്ഷം | 459.6 ലക്ഷം | 3293 (I – 1788, II – 312, III– 1012 & IV– 181) |
| 2024 – 2025 | 600 ലക്ഷം | 280 ലക്ഷം | 280 ലക്ഷം | 2276 (I – 717, II – 326, III– 1050 & IV– 183) |
| 2025 – 2026 | 600 ലക്ഷം | 210 ലക്ഷം | 129.14 ലക്ഷം | 1825 (I – 593, II – 131, III– 928 & IV– 173) |
| **ആകെ** | **5271.95 ലക്ഷം** | **4351.95 ലക്ഷം** | **5907.55 ലക്ഷം** | |

**7. വി കെയർ പദ്ധതി** :

സഹായമർഹിക്കുന്ന ദുർബല ജനവിഭാഗങ്ങളുടെ ആവശ്യങ്ങൾ കണ്ടറിഞ്ഞ് കരുതലും സുരക്ഷയും നൽകുന്നതിനായി കേരള സാമൂഹ്യ സുരക്ഷാ മിഷൻ ആവിഷ്കരിച്ച ജീവകാരുണ്യ പദ്ധതിയാണ് വി കെയർ. ഭാരിച്ച ചികിത്സാ ചെലവുകൾക്കും സങ്കീർണ്ണമായ രോഗമുള്ളവർക്കും ആശ്വാസമെത്തിക്കാനാണ് വി കെയർ എന്ന പദ്ധതി. ജീവൻ രക്ഷാ ചികിത്സകൾക്കും ശസ്ത്രക്രിയയ്ക്കും അതോടനുബന്ധിച്ചുള്ള ആശുപത്രി ചികിത്സാ ചെലവിനും നിബന്ധനകൾക്കു വിധേയമായും മാനദണ്ഡങ്ങളനുസരിച്ചും ചികിത്സാ ധനസഹായം അനുവദിച്ചുവരുന്നു.

സാമ്പത്തികമായും സാമൂഹികമായും പിന്നോക്കം നിൽക്കുന്നവർക്ക് മുൻഗണന നൽകിയാണ് പദ്ധതി നടപ്പിലാക്കുന്നത്. വ്യക്തികൾ, സന്നദ്ധ സംഘടനകൾ, ഫൗണ്ടേഷനുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, കോർപ്പറേറ്റുകൾ, സി.എസ്സ്.ആർ ഫണ്ട് എന്നിവയിൽ നിന്നും ജീവ കാരുണ്യ പ്രവർത്തനങ്ങൾക്കായുള്ള നിക്ഷേപ സമാഹരണം

നടത്തുകയും ഇത്തരത്തിൽ സമാഹരിക്കുന്ന തുക ഉപയോഗിച്ച് ജീവ കാരുണ്യ പ്രവർത്തനങ്ങൾ നടത്തുക എന്നതാണ് വി കെയർ പദ്ധതിയുടെ ലക്ഷ്യം. വികെയർ പദ്ധതി യുടെ ഭരണപരമായ ചെലവുകൾക്കായി ബഡ്ജറ്റിൽ തുക അനുവദിക്കുന്നുണ്ട്. 2016–17 സാമ്പത്തിക വർഷം മുതൽ നാളിതുവരെ വീകെയർ പദ്ധതിയിലൂടെ നൽകിയ ആനുകൂല്യങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| സാമ്പത്തിക വർഷം | ബഡ്ജറ്റ് വിഹിതം | ലഭിച്ച തുക | ചെലവഴിച്ച തുക |
|---|---|---|---|
| 2016 – 2017 | 100 ലക്ഷം | 100 ലക്ഷം | 68.54 ലക്ഷം |
| 2017 – 2018 | 150 ലക്ഷം | 150 ലക്ഷം | 60.81 ലക്ഷം |
| 2018 – 2019 | 125 ലക്ഷം | 125 ലക്ഷം | 49.98 ലക്ഷം |
| 2019 – 2020 | 125 ലക്ഷം | 125 ലക്ഷം | 41.33 ലക്ഷം |
| 2020 – 2021 | 100 ലക്ഷം | 100 ലക്ഷം | 38.53 ലക്ഷം |
| 2021 – 2022 | 100 ലക്ഷം | 100 ലക്ഷം | 25.10 ലക്ഷം |
| 2022 – 2023 | 100 ലക്ഷം | 100 ലക്ഷം | 16.84 ലക്ഷം |
| 2023 – 2024 | 100 ലക്ഷം | 53 ലക്ഷം | 12.41 ലക്ഷം |
| 2024 – 2025 | 50 ലക്ഷം | 40 ലക്ഷം | 27.84 ലക്ഷം |
| 2025 – 2026 | 30 ലക്ഷം | 21 ലക്ഷം | 16.64 ലക്ഷം |
| **ആകെ** | **980 ലക്ഷം** | **914 ലക്ഷം** | **358.02 ലക്ഷം** |

വികെയർ പദ്ധതി പ്രകാരം സ്വരൂപിച്ച ഫണ്ട് വിനിയോഗിച്ച് ആനുകൂല്യം ലഭ്യമാക്കിയ ഗുണഭോക്താക്കളുടെ എണ്ണവും ചെലവഴിച്ച തുകയും ചുവടെ ചേർത്തിട്ടുണ്ട്.

| സാമ്പത്തിക വർഷം | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|
| 2016 – 2017 | 1 | 0.1 ലക്ഷം |

| | | |
|---|---|---|
| 2017 – 2018 | 76 | 78.63 ലക്ഷം |
| 2018 – 2019 | 266 | 263.28 ലക്ഷം |
| 2019 – 2020 | 414 | 604.64 ലക്ഷം |
| 2020 – 2021 | 422 | 793.21 ലക്ഷം |
| 2021 – 2022 | 291 | 663.66 ലക്ഷം |
| 2022 – 2023 | 100 | 279.75 ലക്ഷം |
| 2023 – 2024 | 65 | 210.92 ലക്ഷം |
| 2024 – 2025 | 73 | 246.02 ലക്ഷം |
| 2025 – 2026 | 75 | 160.98 ലക്ഷം |
| **ആകെ** | **1783** | **3301.19 ലക്ഷം** |

**8. വൈകല്യ നിർണ്ണയ മെഡിക്കൽ സർട്ടിഫിക്കേഷൻ ക്യാമ്പിലൂടെ വികലാംഗർക്ക് മെഡിക്കൽ സർട്ടിഫിക്കറ്റും തിരിച്ചറിയൽ കാർഡും തൽസമയം വിതരണം ചെയ്യുന്ന പദ്ധതി :** സംസ്ഥാനത്തെ 40% വൈകല്യം ബാധിച്ച മുഴുവൻ പേരെയും കണ്ടെത്തി ഇത്തരം വ്യക്തികൾക്ക് കേന്ദ്ര സംസ്ഥാന സർക്കാരുകളിൽ നിന്നും ലഭിക്കാവുന്ന ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള അടിസ്ഥാനരേഖയായ മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റും തിരിച്ചറിയൽ കാർഡും നൽകുന്ന പദ്ധതിയാണിത്. കൂടാതെ ദേശീയ തലത്തിൽ വൈകല്യമുള്ള വ്യക്തികളുടെ സ്ഥിതി വിവര കണക്കുകൾ ലഭ്യമാക്കുന്നതിനും, ഇവർക്ക് ദേശീയ തലത്തിൽ ഏകീകൃത രൂപത്തിലുള്ള തിരിച്ചറിയൽ കാർഡുകൾ (UDID – Unique ID for Persons with Disabilities) നൽകുന്നതിനുമുള്ള ഒരു പദ്ധതിക്ക് കേന്ദ്ര ഗവൺമെൻറിൻറെ Ministry of Social Justice & Empowerment , Department of Empowerment of Persons with Disabilities രൂപം നൽകിയിട്ടുണ്ട്. ഇതിനാവശ്യമായ Software ഉം ദേശീയ തലത്തിൽ തന്നെ തയ്യാറാക്കിയിട്ടുണ്ട്. ആദ്യ ഘട്ടത്തിൽ ഈ പദ്ധതി നടപ്പാക്കുന്ന 13 സംസ്ഥാനങ്ങളിൽ

കേരളവും ഉൾപ്പെടുന്നു. 2016-17 സാമ്പത്തിക വർഷം മുതൽ നാളിതുവരെ ടി പദ്ധതിയിലൂടെ നൽകിയ ആനുകൂല്യങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| സാമ്പത്തിക വർഷം | ബഡ്ജറ്റ് വിഹിതം | ലഭിച്ച തുക | ചെലവഴിച്ച തുക | വിതരണം ചെയ്ത കാർഡുകളുടെ എണ്ണം | പ്രാദേശിക തല ക്യാമ്പുകളുടെ എണ്ണം |
|---|---|---|---|---|---|
| 2016 – 2017 | 400 ലക്ഷം | 400 ലക്ഷം | 91.47 ലക്ഷം | 16344 | 98 |
| 2017 – 2018 | 400 ലക്ഷം | 400 ലക്ഷം | 100.81 ലക്ഷം | 18743 | 132 |
| 2018 – 2019 | 300 ലക്ഷം | 300 ലക്ഷം | 119.65 ലക്ഷം | 13750 | 839 |
| 2019 – 2020 | 180 ലക്ഷം | 180 ലക്ഷം | 20.90 ലക്ഷം | 330 | 4 |
| 2020 – 2021 | 100 ലക്ഷം | 100 ലക്ഷം | 72.47 ലക്ഷം | 26831 | 10 |
| 2021 – 2022 | 100 ലക്ഷം | 100 ലക്ഷം | 18.04 ലക്ഷം | 26325 | 4 |
| 2022 – 2023 | 100 ലക്ഷം | 62 ലക്ഷം | 46.30 ലക്ഷം | 91511 | 89 |
| 2023 – 2024 | 100 ലക്ഷം | 73 ലക്ഷം | 37.32 ലക്ഷം | 77254 | 122 |
| 2024 - 2025 | 100 ലക്ഷം | 80 ലക്ഷം | 77.44 ലക്ഷം | 53867 | 81 |
| 2025 - 2026 | 100 ലക്ഷം | 100 ലക്ഷം | 3.59 ലക്ഷം | 22699 | NIL |
| **ആകെ** | **1880 ലക്ഷം ലക്ഷം** | **1795 ലക്ഷം** | **587.99 ലക്ഷം** | | |

**9. ജുവനൈൽ ഡയബറ്റീസ് ബാധിച്ച കുട്ടികൾക്കുള്ള സാമൂഹ്യ സഹായ പദ്ധതി (മിഠായി):** Type 1 Diabetic ബാധിച്ച കുട്ടികൾക്കും കൗമാരക്കാർക്കും സമഗ്ര പരിരക്ഷ നൽകുന്നതിന് കേരള സാമൂഹ്യ സുരക്ഷാ മിഷൻ ആവിഷ്ക്കരിച്ച സമഗ്ര പദ്ധതിയാണ് മിഠായി പദ്ധതി. ടി പദ്ധതിയിൽ continuous glucose monitoring, insulin pen/pump എന്നിവ നൽകുകയും

കൗൺസിലിംങ്ങും മാതാപിതാക്കൾക്ക് പരിശീനലവും മറ്റ് സാമൂഹ്യ സുരക്ഷാ സംവിധാനങ്ങൾ ഉൾപ്പെടെ 6 ഘടകങ്ങൾ ഉൾപ്പെടുന്ന ഒരു ബൃഹത് പദ്ധതിയാണിത്. ടി പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം, കോട്ടയം, ആലപ്പുഴ, തൃശ്ശൂർ കോഴിക്കോട് എന്നീ മെഡിക്കൽ കോളേജുകളിൽ പ്രത്യേക Type 1 ഡയബറ്റിക് ക്ലിനിക്കുകൾ ആരംഭിച്ചിട്ടുണ്ട്. ടി ആശുപത്രികളിൽ ആരംഭിച്ച ഡയബറ്റീസ് സെൻററുകളിൽ ഒരു എം.എസ്.സി നഴ്സിന്റെയും ഡയറ്റീഷ്യന്റെയും സേവനം ലഭ്യമാക്കിയിട്ടുണ്ട്. മിഠായി ക്ലിനിക് ഇല്ലാതിരുന്ന ജില്ലകളിൽ സാറ്റലൈറ്റ് സെന്ററിന്റെ പ്രവർത്തനം 2022 ഏപ്രിൽ മുതൽ ആരംഭിച്ചു. ഇൻസുലിൻ മരുന്ന്, രക്തത്തിലെ ഗ്ലൂക്കോസ് മോണിറ്റർ ചെയ്യുവാനുള്ള ഉപകരണങ്ങൾ തുടങ്ങിയവ സാറ്റലൈറ്റ് സെന്റർ മുഖേന നൽകി വരുന്നു. മിഠായി പദ്ധതി ആരംഭിച്ച 2017-18 സാമ്പത്തിക വർഷം മുതൽ നാളിതുവരെ നൽകിയ ആനുകൂല്യങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| സാമ്പത്തിക വർഷം | ബഡ്ജറ്റ് വിഹിതം | ലഭിച്ച തുക | ചെലവഴിച്ച തുക | ഗുണഭോക്താ ക്കളുടെ എണ്ണം |
|---|---|---|---|---|
| 2017 – 2018 | 200 ലക്ഷം | 200 ലക്ഷം | 177.92 ലക്ഷം | 570 |
| 2018 – 2019 | 300 ലക്ഷം | 300 ലക്ഷം | 22.22 ലക്ഷം | 699 |
| 2019 – 2020 | 380 ലക്ഷം | 380 ലക്ഷം | 36.75 ലക്ഷം | 883 |
| 2020 – 2021 | 380 ലക്ഷം | 380 ലക്ഷം | 321.90 ലക്ഷം | 1048 |
| 2021 – 2022 | 380 ലക്ഷം | 380 ലക്ഷം | 205.42 ലക്ഷം | 1233 |
| 2022 – 2023 | 380 ലക്ഷം | 380 ലക്ഷം | 378.01 ലക്ഷം | 1469 |
| 2023 – 2024 | 380 ലക്ഷം | 247 ലക്ഷം | 247 ലക്ഷം | 1626 |
| 2024 – 2025 | 380 ലക്ഷം | 380 ലക്ഷം | 377.86 ലക്ഷം | 1906 |
| 2025 – 2026 | 380 ലക്ഷം | 133 ലക്ഷം | 56 ലക്ഷം | 2057 |

| | | | | |
|---|---|---|---|---|
| | | | | |
| **ആകെ** | **3160 ലക്ഷം** | **2780 ലക്ഷം** | **1823.08 ലക്ഷം** | |

**10. <u>ഡിമൻഷ്യ/അൽഷിമേഴ്സ് മെമ്മറി സ്ക്രീനിംഗ് ക്ലിനിക്</u>** : സംസ്ഥാന ജനസംഖ്യയുടെ 12.6 ശതമാനം 65 വയസ്സിൽ കൂടുതൽ പ്രായമുള്ളവരാണ് പ്രായമേറും തോറും വിവിധങ്ങളായ ശാരീരിക ബുദ്ധിമുട്ടുകളും മാനസിക പ്രയാസങ്ങളും പ്രശ്നങ്ങളും വന്നുചേരുന്നു. ഇപ്രകാരമുള്ള പ്രയാസങ്ങളിൽ ഏറെ പ്രാധാന്യമുള്ളതും ഗൗരവമായ വ്യക്തിഗത സാമൂഹ്യ പ്രയാസങ്ങൾ സൃഷ്ടിക്കുന്നതുമായ ഒരു അവസ്ഥയാണ് മേധാക്ഷയം അഥവാ ഓർമ്മക്കുറവ്. ഇത് പ്രായത്തിന്റെ സ്വാഭാവിക പരിണാമം എന്ന രീതിയിൽ ഡോക്ടർമാരെ കാണുകയോ പ്രതിവിധികൾ തേടുകയോ ചെയ്യാറില്ല ഡിമെൻഷ്യ ഉൾപ്പെടെയുള്ള പല ബുദ്ധിമുട്ടുകളും പ്രധാനമായും പ്രായം മൂലമാണ് ഉണ്ടാകുന്നത് എങ്കിൽപോലും ഇവ നേരത്തെ കണ്ടുപിടിക്കുകയും അനുയോജ്യമായ ഇടപെടലുകളും ഔഷധങ്ങളും നൽകുന്നതിലൂടെ ഇത്തരം അവസ്ഥയുടെ വളർച്ച കുറയ്ക്കാനും ഓർമ്മക്കുറവുമൂലം ഉണ്ടാകുന്ന പെരുമാറ്റ മാറ്റങ്ങളുടെ തീവ്രത കുറയ്ക്കാനും കഴിയുമെന്ന് പഠനങ്ങൾ തെളിയിച്ചിട്ടുണ്ട്.

ഡിമൻഷ്യ ഒരു ആരോഗ്യപ്രശ്നം എന്നതിനോടൊപ്പം സാമൂഹ്യ പ്രശ്നമായി കൂടി കണ്ടുകൊണ്ട് കേരളത്തിലെ മുഴുവൻ ഡിമൻഷ്യ ബാധിതരെയും കണ്ടെത്തി അനുയോജ്യമായ സേവനങ്ങൾ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ ***ഡിമൻഷ്യ സൗഹൃദ കേരളം*** എന്ന ഒരു നൂതന പദ്ധതിക്ക് സാമൂഹ്യനീതി വകുപ്പ് 2022-23 വർഷം തുടക്കം കുറിക്കുകയും ചെയ്തിരിക്കുകയാണ്. **'ഓർമ്മത്തോണി'** എന്ന പേര് നൽകിയിരിക്കുന്ന ഈ പദ്ധതി സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, വിവിധ വകുപ്പുകൾ, ആരോഗ്യ സർവകലാശാല തുടങ്ങിയവയുടെ സഹകരണത്തോടെ കേരള സാമൂഹ്യ സുരക്ഷാ മിഷനാണ് നടപ്പാക്കുന്നത്. പദ്ധതിയുടെ ആദ്യ ഘട്ടമായി വയോമിത്രം ഗുണഭോക്താക്കൾക്കിടയിൽ സ്ക്രീനിംഗ് നടത്തുന്നതിനു വേണ്ട നടപടികൾ മിഷൻ സ്വീകരിക്കുന്നു. ഇതിന്റെ ഭാഗമായി വയോമിത്രം ജീവനക്കാർക്ക് 8 ഘട്ടമായി വേണ്ട ട്രെയിനിംഗ് നൽകുകയും, IEC പ്രവർത്തനങ്ങളുടെ ഭാഗമായി ബുക്ക്ലെറ്റ് പ്രിന്റ് ചെയ്തു വിതരണം ചെയ്തിട്ടുണ്ട്. ആവശ്യമായ

മരുന്നുകൾ വാങ്ങുന്നതിന് KMSCL നു 15 ലക്ഷം രൂപ നൽകിയിട്ടുണ്ട്. ഇതോടൊപ്പം നഗരസഭ പ്രദേശത്ത് മുതിർന്നവർക്കിടയിൽ സ്ക്രീനിംഗ് നടത്തുന്നതിന് ആശാ പ്രവർത്തകർക്ക് ട്രെയിനിംഗ് നൽകുന്നതാണ്. 2023-24 സാമ്പത്തിക വർഷം ആരംഭിച്ച ടി പദ്ധതിയുടെ മുതൽ നാളിതുവരെയുള്ള വിശദാംശം ചുവടെ ചേർക്കുന്നു.

| സാമ്പത്തിക വർഷം | ബഡ്ജറ്റ് വിഹിതം | ലഭിച്ച തുക | ചെലവഴിച്ച തുക | സ്ക്രീനിംഗ് നടത്തിയ ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|---|
| 2023 – 2024 | 100 ലക്ഷം | 92.12 ലക്ഷം | 12.39 ലക്ഷം | 0 |
| 2024 - 2025 | 100 ലക്ഷം | 30 ലക്ഷം | 17.67 ലക്ഷം | 238 |
| 2025 - 2026 | 100 ലക്ഷം | 35 ലക്ഷം | NIL | 24221 |
| **ആകെ** | **300 ലക്ഷം** | **157.12 ലക്ഷം** | **30.06 ലക്ഷം** | |

## കേരള സംസ്ഥാന ഭിന്നശേഷിക്ഷേമ കോർപ്പറേഷൻ നടപ്പിലാക്കി വരുന്ന പദ്ധതികൾ

കേരള സംസ്ഥാന ഭിന്നശേഷിക്ഷേമ കോർപ്പറേഷന്റെ പദ്ധതി പ്രവർത്തനങ്ങൾ സംസ്ഥാന അടിസ്ഥാനത്തിലാണ് നടപ്പാക്കി വരുന്നത്. ആയതിനാൽ തന്നെ മണ്ഡല അടിസ്ഥാനത്തിലുള്ള വിവരം ലഭ്യമല്ല. പ്രസ്തുത പദ്ധതി പ്രവർത്തനങ്ങളുടെ വിശദാംശങ്ങളും കൂടാതെ കോർപ്പറേഷനിൽ ലഭ്യമായ വിശദാംശങ്ങളും പരിശോധിച്ചതിൽ വിവിധ പദ്ധതികളുടെയും, പ്രവൃത്തികളുടെയും സംബന്ധിച്ച പാറശ്ശാല മണ്ഡലം ഉൾപ്പെടുന്ന തിരുവനന്തപുരം ജില്ലയെ സംബന്ധിച്ച വിശദ വിവരം അനുബന്ധം ആയി ഇതോടൊപ്പം ചേർക്കുന്നു.

**അനുബന്ധം I**

**1. ഹൈടെക് ലിംബ്, ഇലക്ട്രോണിക് വീൽചെയർ തുടങ്ങിയ ആധുനിക ഉപകരണങ്ങളുടെയും പ്രത്യേക ആവശ്യങ്ങൾക്കുള്ള മറ്റ് സഹായ ഉപകരണങ്ങളുടെയും സൗജന്യ വിതരണം (ശുഭയാത്ര)**

ഈ പദ്ധതിയനുസരിച്ച് 1,00,000/- രൂപയിൽ താഴെ പ്രതിവർഷ വരുമാനമുള്ള ഭിന്നശേഷിക്കാർക്ക് സഹായോപകരണങ്ങൾ സൗജന്യമായി അനുവദിക്കുന്നു. മൂന്ന് വർഷത്തിലൊരിക്കലാണ് ഭിന്നശേഷിക്കാർക്ക് സഹായോപകരണങ്ങൾ നൽകി വരുന്നത്. ഹൈടെക് ലിംബ്, ഇലക്ട്രോണിക് വീൽചെയർ, വോയ്സ് എൻഹാൻസ്ഡ് സോഫ്റ്റ്

വെയറോട്ടു കൂടിയ ലാപ്ടോപ്, വീൽചെയർ, മൂന്നുവീൽ സൈക്കിൾ, ആർട്ടിഫിഷ്യൽ ലിംബുകൾ, കാലിപ്പർ, ശ്രവണ സഹായി, ഡി.വി.ഡി.പ്ളെയറുകൾ, കുടലിൽ ക്യാൻസർ ബാധിച്ചവർക്കുള്ള കൊളോസ്റ്റമീ ബാഗുകൾ, വൈറ്റ്കെയിൻ, കുട്ടികൾക്കുള്ള സി.പി.ചെയറുകൾ, വാക്കർ തുടങ്ങി 100 ഓളം ഉപകരണങ്ങൾ കോർപ്പറേഷനിൽ നിന്നും നൽകി വരുന്നു. ഗവൺമെൻറ് ഡോക്ടർമാരുടെ ശുപാർശയോടുകൂടിയ നിശ്ചിത അപേക്ഷാഫോറത്തോടൊപ്പം രണ്ട് പാസ്സ്പോർട്ട് സൈസ് ഫോട്ടോയും റേഷൻ കാർഡ്, ഭിന്നശേഷിത്വം തെളിയിക്കുന്ന മെഡിക്കൽ ബോർഡ് സർട്ടിക്കിഫിക്കറ്റ് എന്നിവയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പും ഹാജരാക്കേണ്ടതാണ്.

നിബന്ധനകൾ

1. കേരളത്തിൽ സ്ഥിര താമസക്കാരനായിരിക്കണം.
2. 40% -മോ അതിന് മുകളിലോ ഭിന്നശേഷിത്വം ഉണ്ടായിരിക്കണം.
3. വാർഷിക വരുമാനം 1,00,000/-രൂപ വരെ (വില്ലേജ് ഓഫീസറുടെ വരുമാന സർട്ടിഫിക്കറ്റ്)
4. ഹൈടെക് ലിംബ്, ഇലക്ട്രോണിക് വീൽചെയർ, വോയ്സ് എൻഹാൻസ്ഡ് സോഫ്റ്റ് വെയറോട്ടു കൂടിയ ലാപ്ടോപ്പ്, സൈഡ് വീൽ സ്കൂട്ടർ എന്നിവ എട്ട് വർഷത്തിലൊരിക്കലും സഹായഉപകരണങ്ങൾ മൂന്ന് വർഷത്തിലൊരിക്കലും മാത്രം. (12 വയസ്സിന് താഴെയുള്ള കുട്ടികൾക്ക് വർഷത്തിലൊരിക്കൽ)

**2. <u>(ശുഭയാത്ര) ട്രൈസ്കൂട്ടർ വിതരണം –</u>** നിർദ്ദിഷ്ട അപേക്ഷാ ഫോറത്തിൽ താഴെപ്പറയുന്ന നിബന്ധനകൾ പ്രകാരം അപേക്ഷ സമർപ്പിക്കാവുന്നതാണ്.

നിബന്ധനകൾ

- 18 വയസ്സിന് മുകളിൽ പ്രായം,
- 40-ഉം അതിന് മുകളിലും ശതമാനമുള്ള ചലന പരിമിതി,
- ഒരു ലക്ഷത്തിൽ കുറഞ്ഞ വാർഷിക വരുമാനം,
- സർക്കാർ ഉദ്യോഗം ഇല്ലാതിരിക്കുക എന്നിവ അടിസ്ഥാന യോഗ്യത (Eligibility criteria) ആയിരിക്കും.

- ലോക്കോമോട്ടോർ ഡിസബിലിറ്റി വിഭാഗത്തിൽ ചലന പരിമിതി നേരിടുന്നവരുടെ ചലന സ്വാതന്ത്ര്യം ഉറപ്പ് വരുത്താൻ മാത്രമാണ് ഈ പദ്ധതി. മറ്റ് ഒരു ഭിന്ന ശേഷിക്കാരേയും ഈ പദ്ധതിയിൽ പരിഗണിക്കുന്നതല്ല.
- Eligibility criteria പാലിക്കുന്ന വനിതകൾക്കും, എസ്.റ്റി. വിഭാഗത്തിൽപ്പെട്ടവർക്കും പ്രഥമ പരിഗണന.

3. **<u>മോട്ടോറൈസ്ഡ് മുച്ചക്രവാഹനങ്ങൾക്കുള്ള സബ്സിഡി</u>**

മോട്ടോറൈസ്ഡ് ട്രൈസൈക്കിൾ വാങ്ങി സൈഡ് വീൽ ഘടിപ്പിക്കുന്നതിനായി ഭിന്നശേഷിത്വമുള്ള വിദ്യാർത്ഥികൾക്കും സ്വയം തൊഴിൽ ചെയ്യുന്നവർക്കും 15,000/- രൂപ വരെ സബ്സിഡിയായി നൽകുന്നു. (ബിൽ തുക പരമാവധി 15,000/- രൂപ ) നിശ്ചിത അപേക്ഷാഫാറത്തോടൊപ്പം സ്കൂട്ടർ വാങ്ങി സൈഡ് വീൽ ഫിറ്റ് ചെയ്ത ബിൽ, രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, 40% വും അതിൽ കൂടുതലോ ഭിന്നശേഷിത്വമുണ്ടെന്നുള്ള മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റ്, റേഷൻ കാർഡിന്റെ 1,2 പേജുകളുടെ കോപ്പി, വാഹനം ഇൻഷ്വർ ചെയ്ത സർട്ടിഫിക്കറ്റിന്റെ കോപ്പി, വാഹനത്തിന്റെ നമ്പർ കാണത്തക്കവിധം അപേക്ഷകൻ ഇരുന്നെടുത്ത ഫോട്ടോ, ലൈസൻസ്/ലേണേഴ്സ് ലൈസൻസ്, വില്ലേജാഫീസർ നൽകുന്ന വരുമാന സർട്ടിക്കിഫിക്കറ്റ് എന്നിവ സമർപ്പിക്കേണ്ടതാണ്.

**4. <u>സ്വയം തൊഴിൽ പദ്ധതി (ബാങ്ക് വായ്പ സബ്സിഡി)</u>**

സ്വയം തൊഴിൽ പദ്ധതിയിൻ കീഴിൽ വിവിധ വിഭാഗത്തിൽപ്പെട്ട ഭിന്നശേഷിത്വമുള്ളവർക്ക് കോർപ്പറേഷൻ സംസ്ഥാനത്തെ വിവിധ വാണിജ്യ ബാങ്കുകളിലൂടെ വായ്പ ലഭ്യമാക്കി വരുന്നു. ഈ പദ്ധതിക്ക് കോർപ്പറേഷൻ സബ്സിഡി നൽകുന്നു. ലോൺ തുക 20,000/- രൂപവരെ ലോൺ തുകയുടെ 50% (പരമാവധി 5000/- രൂപ) സബ്സിഡിയായും ലോൺ തുക 20,001/- മുതൽ 50,000/- രൂപവരെ ലോൺ തുകയുടെ 30% സബ്സിഡിയായും ലോൺ തുക 50,001/- മുതൽ 1,00,000/- രൂപവരെ ലോൺ തുകയുടെ 25% (മിനിമം 15,000/- രൂപ) സബ്സിഡിയായും, ലോൺ തുക ഒരു ലക്ഷം രൂപയ്ക്ക് മുകളിൽ ലോൺ തുകയുടെ 20% (മാക്സിമം ഒരു ലക്ഷം രൂപ വരെ) സബ്സിഡിയായും നൽകുന്നു. ഇതിലേയ്ക്കായി കോർപ്പറേഷൻ, അപേക്ഷകനാവശ്യപ്പെടുന്ന സർവ്വീസ് ഏരിയാ ബാങ്കിലേയ്ക്ക് അപേക്ഷ ശുപാർശ ചെയ്യുന്നു. ഇതിനായി പൂർണ്ണമായി പൂരിപ്പിച്ച അപേക്ഷാ ഫോറത്തോടൊപ്പം 40% ത്തിനു മുകളിൽ ഭിന്നശേഷിത്വം തെളിയിക്കുന്ന സർട്ടിഫിക്കറ്റിന്റെ കോപ്പി, റേഷൻ കാർഡിന്റെ 1,2 പേജുകളുടെ ഫോട്ടോ കോപ്പി, രണ്ട് പാസ്പോർട്ട് സൈസ് ഫോട്ടോ എന്നിവ ഹാജരാക്കേണ്ടതാണ്.

**5. <u>സ്വയം സഹായ സംഘങ്ങളുടെ പരിപോഷണം.</u>**

സംസ്ഥാനത്തിൻറെ വിവിധ ഭാഗങ്ങളിൽ ഭിന്നശേഷിക്കാരാൽ പ്രവർത്തിപ്പിക്കപ്പെടുന്ന സ്വയം സഹായ സംഘങ്ങൾക്ക് അനുയോജ്യമായ മൈക്രോ പ്രോജക്ടുകൾ തെരഞ്ഞെടുക്കാനും അതാരംഭിക്കാനുമായി 20,000/- രൂപ ധനസഹായം കോർപ്പറേഷൻ നല്കിവരുന്നു. സംഘത്തിൽ കുറഞ്ഞത് 5 ഭിന്നശേഷിക്കാരായ അംഗങ്ങളെങ്കിലും ഉണ്ടായിരിക്കണം. തദ്ദേശ സ്ഥാപനങ്ങൾ/കുടുംബശ്രീകൾ മുഖേന രജിസ്റ്റർ ചെയ്തതായിരിക്കണം.

**6. ഭിന്നശേഷിക്കാരായ ലോട്ടറി ഏജൻറുമാർക്കുള്ള സാമ്പത്തിക സഹായം**

ഭിന്നശേഷിക്കാരായ ലോട്ടറി ഏജൻറുമാർക്ക് ധനസഹായമായി 5000/- രൂപ അനുവദിക്കുന്നു.

നിബന്ധനകൾ

- 18 വയസ്സിന് മുകളിൽ പ്രായം,
- 40-ഉം അതിന് മുകളിലും ശതമാനമുള്ള ഭിന്നശേഷിത്വം
- ഒരു ലക്ഷം രൂപ വരെ വാർഷിക വരുമാനം,
- ലോട്ടറി വകുപ്പിൽ നിന്നുള്ള ലൈസൻസും, പുതിയ ഏജൻസി സർട്ടിഫിക്കറ്റ്
- പാസ്പോർട്ട് സൈസ് ഫോട്ടോ എന്നിവ ഹാജരാക്കേണ്ടതാണ്.

**7. സ്വയം തൊഴിലിന് വായ്പ ലഭിക്കുന്നതിന് ഈട് നൽകാൻ കഴിവില്ലാത്തവർക്ക് സ്വയം തൊഴിലിന് സാമ്പത്തിക സഹായം.**

സ്വയം തൊഴിൽ വായ്പക്കായി ഈട് നൽകാൻ സ്വന്തമായി വസ്തുവോ വീടോ ഇല്ലാത്ത ഭിന്നശേഷിക്കാർക്ക് 25000/- രൂപ നിബന്ധനകൾക്ക് വിധേയമായി അനുവദിക്കുന്നു.

മാനദണ്ഡങ്ങൾ

- കേരളത്തിൽ സ്ഥിര താമസക്കാരനായിരിക്കണം.
- 40% -മോ അതിന് മുകളിലോ ഭിന്നശേഷിത്വം ഉണ്ടായിരിക്കണം.
- വാർഷിക വരുമാനം 1,00,000/-രൂപ വരെ (വില്ലേജ് ഓഫീസറുടെ വരുമാന സർട്ടിഫിക്കറ്റ്)

- ഗുരുതരമായ ഭിന്നശേഷിത്വമുള്ളവർ, വിധവകൾ, ഗുരുതരമായ അസുഖം ബാധിച്ച വൃദ്ധർ, 14 വയസ്സിന് താഴെ മാനസിക വൈകല്യമുള്ള കുട്ടികളുടെ രക്ഷകർത്താക്കൾ എന്നിവർക്ക് മുൻഗണന.
- സ്വന്തമായി വസ്തുവോ വീടോ ഇല്ല എന്ന വില്ലേജ് ആഫീസറുടെ സാക്ഷ്യപത്രം.

**8. <u>വിവധതരം വായ്പ.</u>**

നാഷണൽ ദിവ്യാംഗൻ ഫിനാൻസ് ആൻറ് ഡവലപ്മെന്റ് കോർപ്പറേഷന്റെ വായ്പ പദ്ധതി നടപ്പിലാക്കുന്ന കേരളത്തിലെ സ്റ്റേറ്റ് ചാനലിംഗ് ഏജൻസിയാണ് ഈ കോർപ്പറേഷൻ. സ്റ്റേറ്റ് ചാനലൈസിംഗ് ഏജൻസി (എസ്.സി.എ) യെന്ന നിലയിൽ, 2000 മുതൽ നാഷണൽ ദിവ്യാംഗൻ ഫിനാൻസ് ആൻറ് ഡവലപ്മെൻറ് കോർപ്പറേഷന്റെ പദ്ധതി പ്രകാരമുള്ള സ്വയംതൊഴിൽ, വിദ്യാഭ്യാസ, വാഹന, ഭവന വായ്പകൾ കോർപ്പറേഷൻ വിതരണം ചെയ്തു വരുന്നു. 50,000/- രൂപയ്ക്കു മുകളിൽ അനുവദിക്കുന്ന വായ്പയുടെ 5 ശതമാനം എസ്.സി.എ. ഷെയർ എന്ന നിലക്ക് കോർപ്പറേഷൻ നൽകുന്നു. കൂടാതെ സ്വയംതൊഴിൽ വായ്പക്ക് കാലാവധി കഴിഞ്ഞ വായ്പ ഒറ്റത്തവണ തീർപ്പാക്കൽ (OTS) പ്രകാരം തീർപ്പാക്കുന്നവർക്ക് പലിശ, പിഴ പലിശ ഇനത്തിൽ പരമാവധി 25000/- രൂപ ഇളവും, മരണപ്പെട്ടവരുടെ അവശേഷിക്കുന്ന വായ്പാ തുകയും പലിശയും പിഴ പലിശയും മാനദണ്ഡങ്ങൾ പ്രകാരം എഴുതി തള്ളി വായ്പ തീർപ്പാക്കലും കോർപറേഷൻ ചെയ്തു വരുന്നു. വായ്പ കാലാവധിക്കുള്ളിൽ വായ്പ തീർപ്പാക്കുന്നവർക്ക് മാനദണ്ഡങ്ങൾ പ്രകാരം 20% സബ്സിഡിയും അനുവദിച്ചു വരുന്നു.

പലിശ നിരക്ക്ചുവടെ കുറിക്കുന്നു.

1. **സ്വയംതൊഴിൽ, വാഹന വായ്പ**

| വായ്പ തുക | പലിശ |
|---|---|
| 50000/- രൂപ വരെ | 5% |
| 50,001- 5,00,000/- രൂപ വരെ | 6% |
| 5,00,001- 15,00,000/- രൂപ വരെ | 7% |
| 15,00,001 - 30,00,000/- രൂപ വരെ | 8% |
| 30,00,001 - 50,00,000/- രൂപ വരെ | 9% |

2. **ഭവന വായ്പ (മെറീഹോം)**

കേരളത്തിലെ ഭവനരഹിതരായ ഭിന്നശേഷിക്കാർക്ക് അർഹതയ്ക്ക് വിധേയമായി വീട് നിർമ്മാണത്തിനും വീട് വയ്ക്കുന്നതിനും വായ്പ നൽകുന്ന പദ്ധതിയാണ് മെറീഹോം പദ്ധതി. ടി പദ്ധതി പ്രകാരം പരമാവധി 50 ലക്ഷം രൂപ വരെ വായ്പ അനുവദിച്ചു വരുന്നു. വായ്പയ്ക്ക് അപേക്ഷിക്കുന്നവർ 40 ശതമാനമോ അതിനു മുകളിലോ ഭിന്നശേഷിത്വമുള്ളവരും കേരളത്തിൽ സ്ഥിര താമസമുള്ളവരുമായിരിക്കണം. പ്രോജക്ട് അപ്രൈസൽ കമ്മിറ്റി തീരുമാനമനുസരിച്ചാണ് ലോൺ തുക അനുവദിക്കുന്നത്. ടി പദ്ധതി അനുസരിച്ച് 5 ലക്ഷം രൂപ വരെ ആറ് ശതമാനവും 5 ലക്ഷത്തിനു മുകളിൽ 50 ലക്ഷം രൂപ വരെ 7% വുമാണ് പലിശ ഈടാക്കുന്നത്.

| വായ്പ തുക | പലിശ<br>ഭവന വായ്പ |
|---|---|
| 50000/- രൂപ വരെ | 5% |
| 50,001- 5,00,000/- രൂപ വരെ | 6% |
| 5,00,001- 50,00,000/- രൂപ വരെ | 7% |

### 3. വിദ്യാഭ്യാസ വായ്പ

| വായ്പ തുക | വിദ്യാഭ്യാസ വായ്പ |
|---|---|
| 50,00,000/- രൂപ വരെ | 4% |

(50000 രൂപവരെയുള്ള വായ്പക്ക് കാഴ്ച, കേൾവി, ബൗദ്ധിക വെല്ലുവിളി നേരിടുന്നവർക്ക് 1% പലിശയിളവ്)

## 9. ഭിന്നശേഷിക്കാരായ എസ്.എസ്.എൽ.സി., പ്ലസ് 2 വിദ്യാർത്ഥികൾക്ക് പ്രൊഫിഷ്യൻസി അവാർഡ്

40 ശതമാനമോ അതിന് മുകളിലോ ഭിന്നശേഷിത്വമുള്ളവരും കേരള സംസ്ഥാനത്ത് സ്ഥിര താമസമുള്ളവരും നടപ്പ് അക്കാദമിക വർഷത്തിൽ എസ്.എസ്.എൽ.സി., പ്ലസ് ടു പരീക്ഷകളിൽ എ ഗ്രേഡോ അതിന് മുകളിലോ മാർക്ക് വാങ്ങി ഉന്നത വിജയം നേടിയ

വിദ്യാർത്ഥികൾക്ക് 5000/– രൂപ വീതം ക്യാഷ് അവാർഡ് നൽകുന്നു. (ബുദ്ധിപരമായ വെല്ലുവിളി നേരിടുന്ന വിഭാഗത്തിന് ഗ്രേഡ് നിബന്ധനയില്ല).

**10. <u>ഗുരുതരമായ ഭിന്നശേഷിത്വമുള്ള കുട്ടികൾക്ക് വേണ്ടി സ്ഥിര നിക്ഷേപ പദ്ധതി</u>**

ഗുരുതര ഭിന്നശേഷിയുള്ള കുട്ടികളുടെ പേരിൽ 20000/ രൂപ 18 വയസ്സ് വരെ സ്ഥിര നിക്ഷേപം നടത്തുന്നു. ഈ പദ്ധതിയുടെ പ്രധാനഘടകങ്ങൾ ഇവയാണ്.

യോഗ്യത :

1. 80 ശതമാനമോ അതിൽ കൂടുതലോ ഭിന്നശേഷിത്വമുള്ളവർ.

2. പ്രതിവർഷ കുടുംബ വരുമാനം 1,00,000 രൂപ വരെ

3. പ്രായ പരിധി : നവജാതശിശു മുതൽ 10 വയസ് വരെ.

എ) ട്രസ്റ്റി : കോർപ്പറേഷൻ

ബി) ഫണ്ട് റിലീസ് : 18 വയസിന് ശേഷമോ, അത്യാവശ്യ ഘട്ടങ്ങളിലോ.

**<u>11 പാറശ്ശാലയിലെ (സാഫല്യം) വയോജന പരിചരണ കേന്ദ്രം</u>** 50 വയസ്സിന് മുകളിൽ പ്രായമുള്ള കിടപ്പ് രോഗികളല്ലാത്ത ഭിന്നശേഷിക്കാരായ വയോജനങ്ങളെ താമസിപ്പിക്കുന്നതിനും പരിപാലിക്കുന്നതിനും ആധുനിക സജ്ജീകരണങ്ങളോടുകൂടിയ (സാഫല്യം) എന്ന പേരിൽ ഒരു പരിചരണകേന്ദ്രം തിരുവനന്തപുരം ജില്ലാ പഞ്ചായത്തും ഭിന്നശേഷിക്ഷേമ കോർപ്പറേഷനും, സ്നേഹം പാലിയേറ്റീവ് കെയറും സംയുക്തമായി പാറശ്ശാലയിൽ നടത്തി വരുന്നു. ഇവിടെ സ്ത്രീകളും, പുരുഷനുമായി 40 പേരെ സംരക്ഷിക്കുന്നതിനുള്ള സൗകര്യം ഒരുക്കിയിട്ടുണ്ട്.

## <u>അനുബന്ധം II</u>

കേരള സംസ്ഥാന ഭിന്നശേഷി ക്ഷേമ കോർപ്പറേഷന്റെ പദ്ധതി പ്രവർത്തനങ്ങൾ സംസ്ഥാന അടിസ്ഥാനത്തിലാണ് നടപ്പിലാക്കി വരുന്നത്. ആയതിനാൽ തന്നെ മണ്ഡല അടിസ്ഥാനത്തിലുള്ള വിവരം ലഭ്യമല്ല. എങ്കിലും കോർപ്പേഷനിൽ ലഭ്യമായ വിശദാംശങ്ങൾ പരിശോധിച്ചതിൽ വിവിധ പദ്ധതികൾ, ഗുണഭോക്താക്കളുടെ എണ്ണം, തുക എന്നിവ സംബന്ധിച്ച പാറശ്ശാല മണ്ഡലം ഉൾപ്പെടുന്ന തിരുവനന്തപുരം ജില്ലയുടെ കണക്കിന്റെ വിശദാംശംങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

| ജില്ല | വായ്പ പദ്ധതി-സ്വയം തൊഴിൽ /വിദ്യാഭ്യാസ/ഭവന/വാഹന (2021-22 മുതൽ 28/01/2026) | | ആശ്വാസം പദ്ധതി (2023-24 to 2025-26) | | 'ഹസ്തദാനം' പദ്ധതി (2023-24 to 2025-26) | |
|---|---|---|---|---|---|---|
| | ഗുണഭോക്താക്കളുടെ എണ്ണം | അനുവദിച്ച തുക (തുക ലക്ഷത്തിൽ) | ഗുണഭോക്താക്കളുടെ എണ്ണം | അനുവദിച്ച തുക (തുക ലക്ഷത്തിൽ) | ഗുണഭോക്താക്കളുടെ എണ്ണം | അനുവദിച്ച തുക (തുക ലക്ഷത്തിൽ) |
| തിരുവനന്തപുരം | 1815 | 5791.43 | 269 | 37.19 | 99 | 148 |